ലക്കം 1

2019 ജനുവരി 31

# സ്വാതന്ത്ര്യം


അറിയാൻ | നിർമ്മിക്കാൻ | പങ്കുവയ്ക്കാൻ

## ലിറ്റിൽ കൈറ്റ്സ് ഇ–മാഗസിൻ




സൈബർ സുരക്ഷ
യാത്രാവിവരണം
പുസ്തകപരിചയം
ആൻഡ്രോയിഡ് ആപ്പ്
സർക്കാർ സേവനങ്ങൾ
സ്കൂൾ വിക്കി
ഉബുണ്ടു





ഗവ. ഹയർ സെക്കൻഡറി സ്കൂൾ, അഞ്ചൽ വെസ്റ്റ്, കൊല്ലം

സ്വാതന്ത്ര്യം
ഇ–മാസിക

ലിറ്റിൽ കൈറ്റ്സ്
ഗവ. ഹയർ സെക്കൻഡറി സ്കൂൾ, അഞ്ചൽ
വെസ്റ്റ്
പ്രസിദ്ധീകരണം.

എഡിറ്റോറിയൽ ബോർഡ്
ചീഫ് എഡിറ്റർ: ബി. ഷൈലജ
സ്റ്റാഫ് എഡിറ്റർ:
സക്കീർ ഹുസൈൻ. ബി
വേണു ഗോപകുമാർ

സ്റ്റുഡൻറ് എഡിറ്റർ: അഖിൽ അജയകുമാർ

അംഗങ്ങൾ
അഷ്ന ഷെരീഫ്
ഭാവന
മുഹമ്മദ് ഷിനാസ്
നവ്യാ എസ്. പിള്ള
അഞ്ജന

ലേ–ഔട്ട്, ഡിസൈൻ
വിദ്യാർത്ഥികളും അധ്യാപകരും.

സാങ്കേതിക സഹായം
സതീഷ്. ആർ

ഈ മാഗസിൻ ക്രിയേറ്റീവ് കോമൺസ്
അനുമതി പത്രം പ്രകാരം
പ്രയോജനപ്പെടുത്താവുന്നതാണ്.

BY SA

മാഗസിനുമായി ബന്ധപ്പെട്ട അനുബന്ധ
വിവരങ്ങൾക്ക്

0475-2273665
ghssanchalwest@gmail.com
എന്നിവയിൽ ബന്ധപ്പെടുക.

ഗവ. ഹയർ സെക്കൻഡറി സ്കൂൾ,
അഞ്ചൽ വെസ്റ്റ്, കൊല്ലം

കൂടുതൽ വിവരങ്ങൾക്ക്
സ്കൂൾ വിക്കി പേജ്
സന്ദർശിക്കുക.

# സ്വാതന്ത്ര്യം

അറിയാൻ | നിർമ്മിക്കാൻ | പങ്കുവയ്ക്കാൻ

# ഉള്ളടക്കം


ആശംസകളോടെ........................................................4
നമ്മുടെ സ്കൂൾ........................................................4
ഭാരതദർശനം........................................................5
സ്മാർട്ട്‌വേല........................................................7
പെൺപക്ഷികൾ........................................................8
രാത്രി........................................................10
വിട........................................................11
മൊബൈൽ ആനന്ദം........................................................11
അറബിക് ക്ലബ് പ്രവർത്തനങ്ങൾ........................................................12
കംപ്യൂട്ടറിലേക്ക്........................................................12
ഒരു തിരിഞ്ഞുനോട്ടം........................................................12
നവമാധ്യമങ്ങളും വിദ്യർത്ഥി സമൂഹവും........................................................13
ആകാശഭംഗി........................................................14
സ്കൗട്ട് ആൻറ് ഗൈഡ്........................................................14
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ........................................................14
സൈബർ സുരക്ഷ........................................................16
കായികവാർത്തകൾ........................................................17
പ്രഥമ ശബരീഷ് സ്മാരക പുരസ്കാരം........................................................18
ലിറ്റിൽ കൈറ്റ്സ്........................................................19
പ്രത്യുഷ്........................................................20
സ്കൂൾ പ്രവർത്തന റിപ്പോർട്ട്........................................................20
സ്കൂൾ വിക്കി വിവരശേഖരണം വിക്കി ക്ലബ് കൂട്ടുകാർ........................................................24
പുതിയ ആൻഡ്രോയിഡ് ആപ് പരിചയപ്പെടാം........................................................24
സർക്കാർ സേവനങ്ങൾ ഓൺലൈനിൽ........................................................25
മഴവില്ല്........................................................25
ക്വിക്ക് ടിപ്........................................................25
അൻവർ സാദത്തിന് ആദരം........................................................26
സ്കൂൾതലപ്രവർത്തനങ്ങൾ........................................................26
സൗഹൃദം........................................................27
നന്ദി........................................................28




# ആശംസകളോടെ...



അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന ഇ-മാഗസിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു. സാങ്കേതികവിദ്യകളുടെ പ്രയോഗം സാധ്യമാകത്തക്ക തരത്തിൽ കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളും ഹൈ-ടെക് ആയതിന്റെ പ്രായോഗിക ഫലമാണ് ഇത്തരം പ്രവർത്തനങ്ങൾ എന്നത് കേരള സർക്കാരിന്റെ ഇച്ഛാപൂർവമുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നു. ഏറ്റെടുത്ത മാഗസിൻ പ്രവർത്തനങ്ങൾ എത്രയും വിജയകരമായി, സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സസ്നേഹം,

ശ്രീ. വി.എസ്. സതീഷ്
സ്കൂൾ പി.ടി.എ പ്രസിഡന്റ്


**STATEMENT OF OWNERSHIP AND PARTICULARS**

The publication of GOVT. HIGHER SECONDARY SCHOOL, ANCHAL WEST, KOLLAM

Publisher : B. Shylaja

Nationality : Indian

Address : B Shylaja,Headmistress, GHSS ANCHAL WEST

Place of publication :Anchal

Editors Name :B. Shylaja

I, B. Shylaja hereby declare that the particulars given above are true to the best my knowledge and belief.


# നമ്മുടെ സ്കൂൾ...



കൊല്ലം ജില്ലയിൽ അഞ്ചൽ ഉൾപ്പെട്ട കിഴക്കൻ മേഖലയിലെ അഞ്ചൽ എന്ന പട്ടണത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളാണ് അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻ ഡറി സ്കൂൾ. എസ്.എസ്.എൽ.സി, പ്ലസ് ടു ക്ലാസ്സുകളിൽ മികച്ച വിജയം കരസ്ഥമാക്കുന്ന കൊല്ലം ജില്ലയിലെ ഏറ്റവും വലിയ ഗവ. സ്കൂളുകളിലൊന്നാണിത്.

തുടർച്ചയായി കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് വിജയം സമ്മാനിക്കുന്ന സർക്കാർ സ്കൂളുമാണിത്. 2018 എസ്.എസ്. എൽ. സി പരീക്ഷയിൽ 103 കുട്ടികൾ ഫുൾ എ പ്ലസ് നേടി.

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിർദേശിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നിർവഹിച്ചുവരുന്നു. സ്ഥലം എം.എൽ.എയും ബഹുമാന്യനായ വനം-വന്യജീവി വകുപ്പ് മന്ത്രിയുമായ അഡ്വ. കെ. രാജുവിന്റെ ആസ്തി വികസനഫണ്ടിൽ നിന്നും ഒരു കോടി പത്തുലക്ഷം രൂപയുടെ കെട്ടിടസമുച്ചയം പൂർത്തീകരണ ഘട്ടത്തിലാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 600 ലധികം കുട്ടികളാണ് 2018-19 അധ്യയനവർഷം സ്കൂളിൽ പുതുതായി എത്തിയത്. വരുംവർഷങ്ങളിൽ ഈ പ്രവണത തുടരുകതന്നെ ചെയ്യും എന്നുറപ്പുവരുത്തി, കുട്ടികളുടെ പ്രയത്നം സൃഷ്ടിക്കുന്ന മികവുകളുടെ ഉദാത്ത മാതൃകകൾ പങ്കുവച്ച്, കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ ആയി ഇനിയും മുന്നോട്ട്....



# ഭാരതദർശനം

നമ്മുടെ ഭാരതത്തിന്റെ പുരാതനവും മതപരവും സാംസ്കാരികവു മായ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ശേഷിപ്പുകൾ കാണാൻ കഴിയുന്ന പുണ്യസ്ഥലങ്ങളിൽ ചിലതാണ് അലഹബാദ്, വാരണസി, ഗയ, കൊൽക്കത്ത, പുരി, കൊണാർക്ക്. ഈ പുണ്യ സ്ഥലങ്ങൾ സന്ദർശിക്കാനുള്ള അവസരം എനിക്കു ലഭിച്ചു.

ഞങ്ങൾ കൊല്ലത്തു നിന്നും ഭാരത് ദർശൻ എന്ന ട്രെയിനിലാണ് യാത്ര തിരിച്ചത്. മൂന്നാം ദിവസം ഞങ്ങൾ ഉത്തർപ്രദേശിലെ അലഹബാദിൽ എത്തി ചേർന്നു. ആദ്യമായി ഞങ്ങൾ പോയത് അലഹബാദ് ത്രിവേണി സംഗമം എന്ന സ്ഥലത്താണ്. പുണ്യ നദികളായ ഗംഗ, യമുന, സരസ്വതി എന്നീ നദികളുടെ സംഗമസ്ഥാനമാണ് ആ സ്ഥലം. ഇതിൽ ഗംഗ, യമുന എന്നീ നദികൾ നമുക്ക് നേരിൽ ദർശിക്കുവാൻ സാധിക്കുന്നു. ഇവിടെ സരസ്വതി നദി അന്തർവാഹിനിയായി ഒഴുകുന്നതായാണ് കണക്കാക്കപ്പെടുന്നത്. പുരാണങ്ങൾ അനുസരിച്ച് മൂന്ന് നദികൾ ഒരുമിച്ചു കൂടുന്ന സ്ഥലത്ത് കുളിക്കുന്നവരെ ആകാശത്തിലേക്കു ഉയർത്തും എന്നതാണ് ഐതിഹ്യം. അവിടെ കുളിക്കുവാൻ സാധിച്ച എന്നത് എൻറെ ഭാഗ്യമായി ഞാൻ കരുതുന്നു. പ്രയാഗ് എന്നാണ് അലഹബാദിന്റെ പഴയ പേര്. ഇന്നും ആപേര് ഉപയോഗത്തിലുണ്ട്.

അടുത്ത ദിവസം ഞങ്ങൾ പോയത് വാരണസിയിലാണ്. ഗംഗാനദിയുടെ പടിഞ്ഞാറൻ തീരത്ത് ഏതാണ്ട് ആറു കിലോമീറ്ററിലധികം നീളത്തിൽ സ്ഥിതി ചെയ്യുന്ന ഒരു പട്ടണമാണ് ബനാറസ്, കാശി എന്നീ പേരുകളിൽ അറിയപ്പെടുന്ന വാരണസി. വാരണസിയിലാണ് ബനാറസു പട്ടുസാരി നെയ്ത്ത് കേന്ദ്രം. അവിടെ ഞങ്ങൾ സന്ദർശിക്കുകയും എൻറെ അമ്മയ്ക്കു പട്ടുസാരി വാങ്ങുകയും ചെയ്തു. ഹിന്ദുമതക്കാരുടെയും ബുദ്ധമതക്കാരുടെയും ജൈനമതക്കാരുടെയും പുണ്യനഗരമാണ് വാരണസി. അവിടുത്തെ പ്രധാന ക്ഷേത്രങ്ങളിൽ ഒന്നാണ് കാശി വിശ്വനാഥക്ഷേത്രം. ത്രിമൂർത്തികളിൽ ഒരാളായ ശിവന്റെ ത്രിശൂലത്തിന്മേലത്രേ പ്രകാശമാനം എന്നർത്ഥമുള്ള കാശിയുടെ കിടപ്പ്. കുട്ടിക്കാലത്ത് എല്ലാവരും കാശിയിൽ പോകുന്നു എന്നു പറഞ്ഞിട്ടുണ്ട്. എനിക്കു യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു. വളരെ തിരക്കേറിയ ക്ഷേത്രമാണ്. ഏകദേശം മൂന്നു മണിക്കൂർ ക്യൂവിൽ നിന്നാണ് ഞങ്ങൾക്കു ശ്രീകോവിലിൽ എത്താൻ സാധിച്ചത്.

അന്നു വൈകുന്നേരം ഞങ്ങൾ ഗംഗയിലൂടെ ബോട്ടുയാത്ര നടത്തി. 6 കിലോമീറ്ററിനുള്ളിൽ 64 ഗട്ടുകൾ (കടവുകൾ) നിർമ്മിച്ചിട്ടുണ്ട്. ഇതിൽ ചിലത് ചുടലകളായി ഉപയോഗിക്കുന്നു. സൂര്യാസ്തമനത്തിന്റ ഭാഗമായി ദിവസവും ഗംഗ ആരതിയും നടക്കുന്നു. ദീപാവലി ദിവസമായതിനാൽ അവിടെയെല്ലാം ദീപങ്ങളാൽ അലംകൃതമായിരുന്നു. സന്ധ്യാസമയത്ത് ഗംഗയിലൂടെയുള്ള ബോട്ടുയാത്ര ഇപ്പോഴും എൻറെ കണ്ണുകളിൽ നിന്നും മായുന്നില്ല. അത്ര മനോഹരമായിരുന്നു. ഒടിയൻ എന്ന സിനിമയിൽ ഇതിലെ ഒരു ഗട്ടിന്റെ സീനുണ്ട്. അടുത്ത ദിവസം ബീഹാർ സംസ്ഥാനത്തിലെ ഹിന്ദുക്കളുടെയും ബുദ്ധമതസ്ഥരുടെയും പുണ്യസ്ഥലമായ ഗയ സന്ദർശിച്ചു. ഏറ്റവും പഴ-

ക്കം ചെന്നതും പാറക്കല്ലുകളാൽ നിർമ്മിച്ചിട്ടുള്ളതുമായ ക്ഷേത്രമാണ് വിഷ്ണുപാദം ക്ഷേത്രം. ഈ ക്ഷേത്രത്തിൽ വിഷ്ണു വിൻറെ പാദമുദ്രയാണ് പൂജ ചെയ്യുന്നത്. ഫൽഗു നദി ഇതിനു പിറകിലായി ഒഴുകുന്നു. പിതൃതര്പ്പണത്തിന് പ്രസിദ്ധമാണ് ഈ ക്ഷേത്രം. ശ്രീബുദ്ധൻ തപസു ചെയ്ത സ്ഥലമായ ബോധ്ഗയയിൽ ബോധി മരവും ബുദ്ധന്റെ വലിയ പ്രതിമയും കാണാൻ കഴിഞ്ഞു. ഭക്തി സാന്ദ്രമായ അന്തരീക്ഷമാണ് അവിടെ.

## കൊണാർക്ക് സൂര്യക്ഷേത്രം

പിറ്റേ ദിവസം ഞങ്ങൾ പോയത് പശ്ചിമ ബംഗാളിന്റെ തലസ്ഥാനമായ കൊൽക്കത്തയിലാണ്. വിക്ടോറിയ മെമ്മോറിയൽ എന്ന വലിയ മാർബിൾ കെട്ടിടം കാണാൻ സാധിച്ചു. ഹുഗ്ലി നദിയും ഹൌറാ പാലവും കാണാൻ കഴിഞ്ഞു. സ്വാമി വിവേകാനന്ദൻറെയും ശ്രീരാമകൃഷ്ണപരമഹംസന്റെയും പ്രവർത്തന സ്ഥലമായ ബേലൂർമഠം സന്ദർശിച്ചത് ഹൃദ്യമായ അനുഭവമാണ്. അവസാനമായി ഞങ്ങൾ എത്തിയത് ഒഡീഷാ സംസ്ഥാനത്തിലെ പുരി ജഗന്നാഥ ക്ഷേത്രത്തിലും കൊണാർക്ക് സൂര്യക്ഷേത്രത്തിലുമാണ്. നരസിംഹദേവൻ ഒന്നാമൻ എന്ന ഗാംഗേയ രാജാവാണ് കൊണാർക്ക് സൂര്യ ക്ഷേത്രം പണികഴിപ്പിച്ചത്. എൻ.ഡി.ടി.വി യുടെ ഒരു സർവ്വേ പ്രകാരം ഈ ക്ഷേത്രം ഇന്ത്യ യിലെ സപ്താൽഭുതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടുന്നു. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഈ ക്ഷേത്രം സ്ഥാനം പിടിച്ചി ട്ടുണ്ട്. സൂര്യക്ഷേത്രം നിർമ്മിച്ചിരിക്കുന്നത് ഒരു രഥ



ത്തിന്റെ മാതൃകയിലാണ്. ഏഴ് കുതിരകൾ ഈ രഥം വലിക്കുന്നു. ക്ഷേത്രത്തിന്റെ ദ്വാരപാലകരായി രണ്ടു സിംഹങ്ങളെ കാണാം. പ്രധാന ക്ഷേത്രത്തിനു മുന്നിലായി സ്ഥിതി ചെയ്യുന്ന മണ്ഡപം നടനമന്ദിരം എന്നറിയപ്പെടുന്നു. രഥത്തിന്റെ ഇരുവശങ്ങളിലും പന്ത്രണ്ട ചക്രങ്ങൾ വീതമുണ്ട്. ഈ ചക്രങ്ങളുടെ നിലത്തു വീഴുന്ന നിഴൽ നോക്കി സമയം കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിരുന്നു. പുതിയ പത്ത് രൂപാ നോട്ടിൽ കൊണാർക്ക് സൂര്യക്ഷേത്രം ആലേഖനം ചെയ്തിട്ടുണ്ട്. പത്തു ദിവസത്തെ യാത്ര സന്തോഷകരമായി കൊല്ലത്ത് അവസാനിച്ചു.

# സ്മാർട്ട്‌വേല




മറ്റേതുമേഖലയും പോലെ കൃഷി യും സ്മാർട്ടാകുന്ന കാലമാണിത്. പലതരം സ്മർട്ട് ഉപകര ണങ്ങളും രീതികളും ഉപയോഗിച്ച് മൃഗങ്ങളേയും വിളകളേ യും വളർത്തുന്ന രീതി അതിദ്രുതം വളരുന്നു. മികച്ചതും ക്ഷമതയുള്ളതുമായ കൃഷിരീതിയാണ് ഇതുവഴി കൈവരുന്നത്. നാലാം വ്യാവസായിക വിപ്ലവത്തിലേക്ക് ലോകം പോകുമ്പോൾ കൃഷി യിടങ്ങളും അത്തരമൊരു തയ്യാറെടുപ്പ് നടത്തുന്നു. ഇന്നും ലോകത്തിന്റെ ചർച്ചാവിഷയമായി മാറി-കൊണ്ടിരിക്കുന്ന ഇന്റർനെറ്റ് ഓഫ് തിങ്സ്(IOT) ഉപയോഗിച്ചുള്ള കൃഷിരീതി യാണിത്. കലർപ്പി-ല്ലാത്തതും, നിലവാരം കൂടിയതും താരതമ്യേന വിലകുറഞ്ഞതുമായ ഭക്ഷണം വളർത്തുന്ന രീതി-യാണിത്.

ഭക്ഷ്യവസ്തുക്കളുടെ അളവും ഗുണമേൻമയും വർധിപ്പിക്കുന്നതിന് ആധുനിക സാങ്കേതിക രീതികളുടെ പ്രയോഗം സാധ്യമാക്കുന്ന കൃഷിരീതികളാണ് സ്മാർട്ട് ഫാമിംഗിൽ പരീക്ഷിക്കുക.

**അമേരിക്കയിലെ ഫുഡ് ആൻറ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ സ്മാർട്ട് ഫാമിംഗിനെ ഏറെ പ്രതീക്ഷ യോടെ കാണുന്നു എന്നത് ഭക്ഷ്യോത്പാ ദനത്തിലെ വലിയ ഉത്പാദനവർധനവിന് പ്രതീക്ഷ നൽകുന്നു.**

വിവരസാങ്കേതിക,കമ്മ്യൂണിക്കേഷൻ സാ-ങ്കേതിക വിദ്യകൾ കൃഷിയിൽ പരീക്ഷിക്കുന്നു. സെൻസറുകൾ കൃഷിയുടെ ഫലമൂല്യം, മഴയുടെ അളവ്, കളകളുടെ ആക്രമണം മണ്ണിന്റെ വളക്കൂറ് തുടങ്ങിയവയെ കുറിച്ചെല്ലാം വിവരം നൽകുന്നു.

ഇത് മെച്ചപ്പെട്ട വിളവെടുപ്പിലേക്കും, കുറ്റമറ്റ കൃഷിരീതികളിലേക്കും നയിക്കും. കൃഷി സാഹ ചര്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കാനുള്ള കഴിവ്, പൂർണ്ണമായും ഓട്ടമേറ്റഡായ കൃഷിരീതി എന്നിവ ഒട്ടേറെ ഗുണങ്ങൾക്ക് വഴിവെക്കുന്നു.

സെൻസറുകളാണ് സ്മാർട്ട് ഫാമിങ്ങിന്റെ പ്രധാന ആയുധം. സബ്സർഫസ് ഡ്രിപ് ഇറിഗേഷൻ മാർഗ്ഗമുപയോഗിച്ച് സെൻസറുകളുടെ സഹായത്താൽ സസ്യവളർച്ചയ്ക്കാവശ്യമായ ജലാംശം നൽകുന്നതിനും അതുവഴി ആവശ്യമായ സമയത്തുമാത്രം കൃഷിക്കാർക്ക് ഇടപെടുന്നതിനും സാധ്യത കൈവരുന്നു.



The Bonirob farming robot.
(Image courtesy of Deepfield Robotics.)

അവശിഷ്ടങ്ങളുടെ തോത് കുറയ്ക്കുന്നതു മൂലമുണ്ടാകുന്ന മെച്ചപ്പെട്ട ഉൽപാദനം ഇതിന്റെ ഒരു നേട്ടമാണ്. വളക്കൂറ്, ചെടികൾ വളരുന്നതിന്റെ വേഗം, കന്നുകാലികളുടെ ആരോഗ്യം തുടങ്ങി ഒട്ടേറെ ഉപയോഗപ്രദമായ വിവരങ്ങൾ ഇവ ശേഖരിക്കും. ഈ വിവരം വിദൂരസ്ഥലങ്ങളിലുള്ള നിയന്ത്രണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും വിലയിരുത്തപ്പെടുകയും ചെയ്യും. ഒരു കൃഷിയിടത്തിന്റെ സാഹചര്യം മനസ്സിലാക്കി ഏതു വിള എവിടെ എപ്പോൾ നടണമെന്ന് നിർണയിക്കാൻ ഇപ്രകാരം സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നീ നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്ന സ്മാർട്ട് ഫാമിംഗ് ലോകത്തിന് പുത്തൻ പ്രതീക്ഷകളാണ് നൽകുന്നത്. അഗ്രികൾച്ചറൽ ഓട്ടോമേഷൻ എന്ന നവീന സാങ്കേതിക വിദ്യ ലോകത്ത് ഭക്ഷ്യോത്പാദനത്തിൽ വൻ കുതിച്ചുചാട്ടമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**CLICK HERE!**

കൂടുതൽ വിവരങ്ങൾക്ക് Engineering.com ൽ ക്ലിക്ക് ചെയ്യുക.

മാരിയത്ത് ബീവി
(അധ്യാപിക)

# പെൺപക്ഷികൾ



ബന്ധനങ്ങളുടെയും താക്കീതുകളുടെയും സുശക്തമായ ചങ്ങലകൾ മനോവീര്യം കൊണ്ട് പൊട്ടിച്ചുമാറ്റി സ്വാതന്ത്ര്യത്തിന്റെ വിശാലമായ ചിറകുകളിലേറി പുതിയ ചക്രവാളങ്ങളിൽ തേടി ഇന്നത്തെ പെൺരൂപങ്ങൾ പറന്നുയരുന്നു. യാതൊരു ഫലവും ഇച്ഛിക്കാതെ കർമ്മ നിരതരായി പ്രവർത്തിക്കുന്ന യന്ത്രത്തെപ്പോലെ അടുക്കളയിൽ തീയും പുകയുമേറ്റ് വെന്തുനീറുമായിരുന്ന ആ ജന്മങ്ങൾ ഇന്ന് എല്ലാ മേഖലയിലും വേരുപടർത്തിക്കഴിഞ്ഞിരിക്കുന്നു. അതെ, അവൾ ഉണരുകയാണ്. അടിച്ചമർത്തലുകളുടേയും വിമർശനങ്ങളുടേയും നീണ്ടൊരു സുഷുപ്തിയിൽ നിന്ന്, പുതിയ ലോകത്തിന്റെ ചക്രവാളങ്ങളിലേക്ക്......

അനന്ത വിശാലമായ കാഴ്ചവട്ടങ്ങൾ ഭൂമിയുടെ തിരിച്ചിലിൽ അവൾക്കുമാത്രം നഷ്ടപ്പെടരുത് എന്ന കാഴ്ച്ചപ്പാടിന് പ്രാമുഖ്യം ഏറിവരുന്നു. വീടിന്റെ നാലതിരു കളിൽ ഒതുക്കപ്പെട്ടുമായിരുന്ന അവൾ ഇന്ന്, ഭൂമിയുടെ അതിരുകൾ പോലും ഭേദിച്ച് മുന്നോട്ടുകുതിയ്ക്കുന്നു. അസാധ്യമെന്ന വാക്ക് തന്നെ നിഘണ്ടുവിലെ വിടെയുമില്ല എന്ന് പ്രഘോഷിക്കു കയാണ് അവളുടെ ഒരോ പ്രവൃത്തിയും. ഒരു പക്ഷേ, ശാസ്ത്രസാങ്കേതിക, കലാസാഹിത്യ രംഗത്തെ അവാച്യമായ മുന്നോട്ടു കു-

തിപ്പിനുള്ള ഇന്ധനം അവിടെ പ്രവർത്തിക്കുന്ന ഈ പെൺസ്വരങ്ങളാകാം.... പെൺകുട്ടികളുമായി ബന്ധപ്പെട്ട എത്രയോ അനാചാരങ്ങൾ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു! സതി, ശൈശവ വിവാഹം, വിധവകളുടെ പുനർവിവാഹം നിഷേധിക്കൽ..... തുടങ്ങിയവ അതിന് ഉദാഹരണങ്ങളാണ്. വ്യക്തികളുടെ ഉന്നമന ത്തിനു വളമായി മാറുന്ന വിദ്യാഭ്യാസം നേടാനുള്ള സ്വാതന്ത്ര്യം പോലും അവൾക്ക് നിഷേധിക്കപെട്ടിരുന്ന കണ്ണുകൾ കൊണ്ട് തനിക്ക് ചുറ്റും കണാവുന്ന പരിമിതമായ ലോകത്തെ മാത്രം അറിഞ്ഞാണവൾ ദിനരാത്ര ങ്ങൾ കഴിച്ചുക്കൂട്ടിയിരുന്നത്. പ്രാചീന കാലത്ത് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാൻ സമൂഹം സ്ത്രീയെ വിലക്കിയിരുന്നു. ഇംഗ്ലീഷ് എന്ന ഭാഷ സ്ത്രീയ്ക്ക് പുതിയ ആദർശങ്ങളും അറിവുകളും സമ്മാനിക്കുന്നു.

ഇംഗ്ലീഷ് എന്ന ഭാഷ സ്ത്രീയ്ക്ക് പുതിയ ആദർശങ്ങളും അറിവുകളും സമ്മാനിക്കുമെന്നും ,അതുവഴി അവൾ പുരുഷനേക്കാൾ മുന്നിൽ ആകുമോ എന്ന ഭയമായിരുന്നു ഇതിനാധാരം.

എന്നാൽ വൈദികകാലഘട്ടത്തിൽ സ്ത്രീയ്ക്കും പുരുഷനും തുല്യ പരിഗണന ലഭിച്ചിരുന്നു.'മാതൃ ദേവോ ഭവ' എന്ന മന്ത്രം തന്നെ സ്ത്രീയ്ക്ക് മുൻഗണന നൽകിയിരിക്കുന്നു. ബൃഹദാരണ്യകോപനിഷത്തിലെ യാജ്ഞവൽക്യമഹർഷിയുടേയും ഗാർഗിയുടേയും സംവാദം ഇതിനുദാഹരണങ്ങളാണ്.

**വൈദികചിന്തയുടെ ഉന്നതഗിരിശൃംഗമായ അദ്വൈതബ്രാഹ്മവാദിനികളെയും സന്ന്യാസിനികളേയും വേദോപനിഷത്തുകളിൽ കാണാം.**

പിന്നീടുള്ള കാലത്ത് മുളച്ചുപൊന്തിയ അനാചാരങ്ങൾ ഇന്ന് വീണ്ടും വേരോടെ പിഴുചുമാറ്റപ്പെടുകയാണ്.ഈ അനാചാരങ്ങൾക്കു നേരേ വിരൾ ചൂണ്ടിയ ശക്തമായ സ്ത്രീവ്യക്തിത്വങ്ങൾ ഈ ഭാരത മണ്ണിലുണ്ട്.കഴിഞ്ഞ നൂറ്റാണ്ടിൽ ഒട്ടേറെ സ്ത്രീജനങ്ങൾക്ക് പ്രദോചനം ആയ ധീരയായ സ്വാതന്ത്ര്യസമര പ്രവർത്തകയാണ് അക്കാമ ചെറിയാൻ.സ്ത്രീയുടെ മനഃക്തിക്ക് ഉത്തമ ഉദാഹരണമായിരുന്നു



തിരുവതാംകൂറിലെ ആ പഴയ പെൺസിംഹമെങ്കിൽ ,സഹാനുഭൂതിയുടെ ആൾരൂപമായിരുന്ന അഗതികളുടെ അമ്മയായ മദർ തരേസ.ഒന്നാം സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ റാണിലക്ഷമിബായി ,സ്വാതന്ത്ര്യസമര പ്രവർത്തകയും ,സ്വതന്ത്ര്യഇന്ത്യയും ആദ്യ വനിതാഗവർണറും അതിലുപരി മികച്ചൊരു കവയത്രിയുമായ സരോജിനി നായിഡു ,നഴ്സിംഗ് പ്രസ്ഥാനത്തിനായ് ജീവിതം മാറ്റിവച്ച ഫ്ളോറൻസ് നൈറ്റിംഗേൽ ,അഭിഭാഷകവൃത്തി സ്ത്രീകൾക്കുതകുന്ന ജോലിയല്ലെന്ന വിശ്വാസത്തെ തിരുത്തിക്കുറിച്ച് 1920-കളിൽ നിയമബിരുദം കരസ്ഥമാക്കി ഇന്ത്യയുടെ ആദ്യവനിതാ ഹൈക്കോടതി ജഡ്ജി വരെയായ അന്നാചാണ്ടി. 1942-ൽ ക്വിറ്റ് ഇന്ത്യാസമരകാലത്ത് വേഷം മാറിപ്പോലും സാഹസികമായ് പ്രവൃത്തിച്ച അരുണ ആലഫലി. സാഹിത്യരംഗത്ത് ശോഭിച്ച നാലപ്പാട്ട് ബാലാമണിയമ്മ ,ലളിതാംബികാ അന്തർജനം ,ചിത്രകലാ രംഗത്ത് പ്രശസ്തയായ അമൃതാഷെർഗിൽ ,ഒരേസമയം കർക്കശക്കാരിയായ രാഷ്ട്രീയ നേതാവും കർമ്മകുശലയുമായ ഭരണാധികാരിയായിരുന്ന ഇന്ത്യയിലെ ആദ്യ വനിതാപ്രധാനമന്ത്രി ഇന്ദിരാഗാന്ധി,മേധാപട്കർ ,അരുന്ധതിറോയ് ,കിരൺ ബേദി ,സുഗതകുമാരി........തുടങ്ങി വൈവിധ്യപൂർണമായ മേഖലകളിൽ പ്രാഗത്ഭ്യം കൈവരിച്ച സ്ത്രീവ്യക്തിത്വങ്ങളുടെ നിര നീണ്ടുപോകുന്നു.


ജനിക്കുന്നത് പെൺകുഞ്ഞാണെന്നറിയുമ്പോൾ തൊണ്ടയിൽ നെന്മണി ഇട്ട

കൊടുത്ത് കൊന്നുകളയുന്നവർ! ജീവിച്ചാലോ? നരകതുല്യമായ ജീവിതം നയിക്കേണ്ടവർ.ഒന്നും ചോദ്യം ചെയ്യാൻ പോലും തയ്യാറാവാതെ എരിഞ്ഞടങ്ങുന്ന ജീവനുകൾ - ഇവയൊക്കെ വെറും പഴങ്കഥകളാക്കി നിർത്തിയ വീറുറ്റ ചരിത്രത്തിലും ഇതിന്റെ താളുകളിലും ഇടം നേടിയ പെൺകരുത്തിന്റെ ഉത്തമ ഉദാഹരണ-ങ്ങലാണിവർ.വെല്ലുവിളികളെ പോരാട്ടത്തിനുള്ള ഇന്ധനമാക്കി മാറ്റി ,മനോവീര്യം കൈവെടി-യാതെ പ്രവത്തിച്ചുകൊണ്ടിരിക്കുന്നു.മലാല യൂസ-ഫ്സായി എന്ന പെൺകുട്ടിയുടെ ചിന്തകളും പ്രവൃ-ത്തികളും കുതിക്കാനൊരുങ്ങുന്ന അനവധി-പെൺമനസ്സുകളുടെ ഊർജസ്രോതസ്സാണ്.

**അടിച്ചമർത്തലിന്റെ അതിരുകൾ ഭേദിച്ച് മുന്നേറ്റത്തിന്റെ പടവുകൾ ചവിട്ടി വിജ്ഞാനത്തിന്റെയും സ്വാതന്ത്ര്യ ത്തിന്റെയും പരകോടിയിലെത്താൻ വെമ്പൽകൊള്ളുന്ന സ്ത്രീവ്യക്തിത്വങ്ങൾ ചൂഷണങ്ങളുടെ ഹീനകഥകളിലേക്കും എത്തപ്പെടുന്നു.**


പുരുഷൻ തുല്യമായ സ്ഥാനം സ്ത്രീക്കും നൽകാൻ നാം ശ്രദ്ധപുലർത്തുമ്പോഴും അവൾക്കുനേരെയുള്ള അതിക്രമങ്ങൾ ദിനംപ്രതി മാറുമ്പോഴും സ്വന്തം സംസ്കാരത്തിൽ നിന്നകലരുതെന്ന് അവളും ഓർമിക്കേണ്ടതാണ്. “ ഞങ്ങൾ മാറുന്ന ലോക ത്തെ പുതിയ പെൺകുട്ടികളാണ്. ചിന്തകൾ വാനോളം ഉയരുന്ന..... പ്രവൃത്തികൾ ചക്രവാളങ്ങൾ കടന്നു പോകുന്ന ...... ഏതു രംഗത്തും കഴിവ് തെളിയിച്ച് വെന്നിക്കൊടിപാറിച്ച്, ജീവിതത്തിൽ താളം ഞങ്ങൾ കണ്ടെത്തും. നൃത്തം, സംഗീതം, ശാസ്ത്രം, സാങ്കേതികം... ഏതു മേഖലയിലും ഞങ്ങൾ വെ-ളിച്ചം പകരും”. ഇതുതന്നെയാണ് മികവിൻെറ വഴിയിൽ എത്തി നിൽക്കുന്ന ഓരോ പെൺ ഹൃദയങ്ങളും പുളകം കൊണ്ട് മന്ത്രിക്കുന്നത്.ഈ മനോധൈര്യം കൊണ്ടുതന്നെയാണ് ബൃഹദാ-കാരിയായ എവറസ്റ്റിന്റെ മുകളിലും ബഹിരാകാശത്തും അവൾ എത്തിയതും ഇന്ന് യുദ്ധവിമാനങ്ങൾ പോലും അവൾ പാറിപ്പറത്തി നടക്കുന്നതും. അതെ, അവൾ ഉണർന്നുകഴിഞ്ഞി-രിക്കുന്നു. സമൂഹത്തിന്റെ അടിച്ചമർത്തലുകളിൽ നിന്ന് സ്ത്രീസ്വാതന്ത്ര്യത്തിന്റെ സുവർണ കിരണ-ങ്ങൾ കണികണ്ടുകൊണ്ട്...........

# രാത്രി



രാത്രിയിൽ ഞാനെൻ
പടിവാതിലിൽ
മെല്ലെ വന്നൊന്നിരുന്നു......
വാനിലെ താരകങ്ങളെ മെല്ലെ
നോക്കി
മെല്ലെയിന്നെൻമനം നീങ്ങി
തുടങ്ങി........
കാറ്റിൻ ഗന്ധമിന്നെന്നെ മയക്കി
കാറ്റുമായ് ഞാനൊന്ന് ചേർന്ന്
പാടി
ആ പാട്ടിലാ രാത്രി നീങ്ങി
തുടങ്ങി.......
ഇന്നുമാ രാത്രി ഞാൻ മെല്ലെ
ഓർക്കുന്നിതാ
ഇന്നുമാ രാത്രിയിൽ മെല്ലെ
നീങ്ങുന്നിതാ.......

-അനുജ.എച്.ജെ



# വിട

കൂട്ടുകാരുമൊത്ത് ഓടിക്കളിച്ച സ്കൂൾ വരാന്തയും മുറ്റവും. പ്രേമലേഖനങ്ങൾ കൈമാറിയും കൊച്ച് വർത്തമാനങ്ങളും പറഞ്ഞ് സമയം തീർത്ത ഇടനാഴികൾ. മാവിൽ കയറിയും കല്ലെറിഞ്ഞും കൈക്കലാക്കിയ മാങ്ങ, അത് കൂട്ടുകാരുമായി പങ്കുവച്ച് കഴിച്ച മാവിൻ ചുവട്. ഒരുമിച്ച് ഒരേ ചോറുപൊതിയിൽ ചോറുവാരിക്കഴിച്ച ക്ലാസ് മുറി. കൂട്ട്കാരുമൊത്ത് കോമ്പസുപയോഗിച്ച് കുത്തികോറിയും പേരുകളെഴുതിയും ,കൊച്ചു കൊച്ചു കലാവിരുതുകൾ കാട്ടിയ തടിമേശകൾ. ടീച്ചർമ്മാരും സാറന്മാരും അറിവുകൾ എഴുതിത്തന്ന ബോർഡ്. പോകുന്നതിനു മുമ്പ് ഇതെല്ലാം ഓർത്തുകൊണ്ട് പത്താം തരത്തിലെ കുട്ടികൾ ആ കറുത്ത ബോർഡിൽ വെള്ളച്ചോക്കു കൊണ്ട് ഇങ്ങനെ കുറിച്ചിട്ടു... വിട...

# മൊബൈൽ ആനന്ദം

കൗമാരക്കാരെ ബാധിച്ചിരിക്കുന്ന അപകടകരമായ ഒരു രോഗത്തെപ്പറ്റിയാണ് പറയാനുള്ളത്. അവർ മൊബൈലിന്റെ അടിമളായിക്കൊണ്ടിരിക്കുന്നു. സ്കൂളിൽ അനുവദിച്ചിട്ടില്ലെങ്കിലെന്ത് അച്ഛനമ്മമാർ വാങ്ങിക്കൊടുത്തിങ്കിലെന്ത് ? അവർ ഏതുവിധേനയും മൊബൈലിന്റെ വശ്യശക്തിയിൽ പെട്ടുപോകുന്നു. അച്ഛനമ്മ മാരുടെ മുമ്പിൽ കരഞ്ഞും വഴക്കിട്ടും ആത്മഹത്യഭീഷണിവരെ മുഴക്കിയും കുട്ടികൾ മൊബൈൽ സ്വന്തമാക്കുന്നു വൈകാതെ ഇന്റർനെറ്റ് കണക്ഷനും സാധ്യമാക്കുന്നു.

പെൺകുട്ടികൾക്ക് ബോയ് ഫ്രണ്ട്സ് ഉണ്ടാകുന്നത് ഇതിലൂടെയാണ് നിരുപദ്രവകരമെന്നു തോന്നുന്ന രസം പടിച്ച ഈ ബന്ധങ്ങൾ ഭീകരമായ ആപത്തുകളിലേക്ക് നയിക്കുന്നതിന് ഞാൻ പലപ്പോഴും സാക്ഷിയാണ്.ഇത്തരം കേസുകളുടെ എണ്ണം



വർധിക്കുകയാണെന്ന് മനസ്സിലാക്കാം. മൊബൈലിന്റെ ഉപയോഗം സമകാലിക സമൂഹത്തിൽ വർദ്ധിച്ച് വരുന്നു. പുതുതലമുറയിലെ വിദ്യാർത്ഥികൾ പഠനത്തിൽ പിന്നോട്ട് പോകുന്നു. നാം എല്ലാവരും ബോധവാന്മാരായിരിക്കണം. ഭാവിക്കായി പുതുതലമുറയെ ദാനം ചെയ്യാം, അതിനായി നാം എല്ലാവരും ഒരുമിച്ച കൈകോർക്കാം.


നിഖിത 9 ഇ

# അറബിക് ക്ലബ് പ്രവർത്തനങ്ങൾ



ഈ അധ്യയന വർഷാരംഭം ജൂൺ 5ന് ലോക പരിസ്ഥിതി ദിനം ആഘോഷിച്ചു. ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം എന്നിവ നടത്തി. പങ്കെടുത്ത കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകി. വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മ ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം എന്നിവ നടത്തി. വായനദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, പോസ്റ്റർ നിർമ്മാണം, പുസ്തക പ്രദർശനം, സെമിനാർ എന്നിവ നടത്തി. വായന കുട്ടികൾക്കിടിൽ അന്യം നിന്ന് പോകുന്നുവെന്നും അത് വീണ്ടെടുക്കൽ അനിവാര്യമാണെന്നും അതിനുള്ള മാർഗങ്ങൾ ആരായണമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു. സബ്ജില്ല കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ക്ലബിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.പത്തൊൻപത് ഇനങ്ങളിലാണ് കുട്ടികൾ മൽസരിച്ചത്. ഹൈസ്കൂൾ വിഭാഗത്തിൽ സബ് ജില്ല തലത്തിൽ ഓവറോൾ നേടി. സബ്ജില്ലയിൽ പങ്കെടുത്ത ഒൻപത് കുട്ടികൾക്ക് ജില്ലയിൽ അവസരം ലഭിച്ചു. പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും 'A' ഗ്രേഡ് ലഭിച്ചു. കലോൽസവ വിജയികളെ അസംബ്ലിയിൽ അഭിനന്ദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

# കംപ്യൂട്ടറിലേക്ക് ഒരു തിരിഞ്ഞുനോട്ടം



നാം ജീവിക്കുന്നത് ഒരു കംപ്യൂട്ടർ യുഗത്തിലാണ് ഇന്ന് ലോകത്തിന്റെ വളർച്ചക്ക് കാരണമായത് കംപ്യൂട്ടർ എന്ന സാങ്കേതിക വിദ്യയാണ്. അയ്യായിരം വർഷങ്ങൾക്ക് മുൻപ് ഗ്രീക്കുകാർ കണ്ടുപിടിച്ച കണക്കുകൂട്ടൽ യന്ത്രമായ അബാക്കസ്സിൽ നിന്നാണ് ഇന്ന് ലോകത്തെ തന്നെ നയിക്കുന്ന കംപ്യൂട്ടറുകളുടെ ഉത്ഭവം 1830-ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ചാൾസ് ബാബേജ് ഡിഫറൻസ് എൻജിൻ കണ്ടുപിടിക്കുകയായി. അത് വെറുമൊരു കണക്കുകൂട്ടാനും കുറക്കാനും സഹായിക്കുന്ന യന്ത്രമായിരുന്നു. ഇതിനെ വികസിപ്പിച് 1834-ൽ ഹരിക്കാനും ഗുണിക്കാനും സംവിധാനം ഏർപ്പെടുത്തി. 1864-ൽ അതിനെ വീണ്ടും പരിഷ്കരിച്ച് തയ്യാറാക്കി 1937-ൽ അമേരിക്കക്കാരനായ ജോൺ അയാനോസോഫും ക്ലിഫോഡ് ബെറിയും ചേർന്ന് ബൈനറി സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന കംപ്യൂട്ടറിനു രൂപം നൽകി. ഇതിനെ ആദ്യ കംപ്യൂട്ടർ എന്നു വിശേഷിപ്പിച്ചു വരുന്നു.



ഇന്ന് പ്രധാനമായും അഞ്ച് തലമുറകൾ പിന്നിട്ട് കംപ്യൂട്ടർ കയ്യിൽ ഒതുങ്ങുന്നതു വരെയായി മാറിക്കഴിഞ്ഞു. കൂടാതെ ഇന്ന് ഇൻഫർമേഷൻ ടെക്നോളജി നമ്മുടെ ദൈനംദിനജീവിതത്തിന്റെ ഒരു പ്രധാന ഭാഗമായി മാറിക്കഴിയുകയും ചെയ്തു.

**ഫിറോസ് മുഹമ്മദ് 9-J**




# നവമാധ്യമങ്ങളും വിദ്യർത്ഥി സമൂഹവും

ആശയ വിനിമയത്തിന് കാരണമാകുന്ന മധ്യസ്ഥനാണ് മാധ്യമം. വിവരം,വാർത്ത,അറിയിപ്പ് മറ്റു എത്തിക്കുക എന്നതാണ് മാധ്യമങ്ങളുടെ ധർമ്മം. വ്യക്താവിൽ നിന്നോ സന്ദേശ സ്രോതസിൽ നിന്നോ സ്വീകർത്താവിലേക്ക് സന്ദേശം കൈമാറാ നുപയോഗിക്കുന്ന വാഹനമാണ് മാധ്യമം. എന്നാലിന്ന് മറ്റ് പലതിനുമാണ് ഇതുപയോഗി ക്കുന്നത്. ഇന്നത്തെ തലമുറ ജീവിതത്തിൽ വളരെ പ്രാതാന്യം അർഹിക്കുന്ന ഒരു വിഭാഗമാണ് ഡിജിറ്റൽ മാധ്യമം. ഇൻറർനെറ്റ്, മൊബൈൽ ഫോൺ, ചാറ്റ്റൂം, യൂട്യൂബ്, തുടങ്ങിയവയെല്ലാം ഈ വിഭാഗത്തൽ പെടുന്നവയാണ്. ഇവ ഗുണപരമായും ദോഷകരമായും വിദ്യർത്ഥി സമൂഹത്തെ ബാധിക്കുന്നു. വിദ്യാഭ്യാസ ജീവിതത്തിന്റെ വേഗവും അറിവും കൂട്ടാൻ ഇതിന് കഴിയുന്നു. ഇന്നത്തെ ഡിജിറ്റൽ മാധ്യമങ്ങൾ കുട്ടികളെ പഠനത്തിൽ വളരെ സഹായിക്കുന്നുവെങ്കിലും അതിൻറെ തെറ്റായ വശത്തേക്ക് അവർ പോകാനും സാധ്യത കൂടുതലാ ണ്. ഡിജിറ്റൽ ലോകം ഓരോ പ്രായക്കാരെയും ഓരോ രീതിയിലാണ് സ്വാതീനിക്കുന്നത്, കുട്ടികളെ ഗെയിം എന്ന സ്വപ്നിക ലോകത്തേക്ക് കൊണ്ട് പോകുന്നതുപോലെ കൗമാരക്കാരെ അതിവേഗം ആപത്തിലേക്ക് കൊണ്ട് പോകുന്നു. ഫെയിസ്ബുക്കിൻറെയും, വാട്സ്ആപ്പിൻറെയും, യൂട്യൂബിൻറെയും അവിസ്മരണീയ ലോകം അവരെ വളരെ മാറ്റി മറിക്കുന്നു. ഇത് കുട്ടികളുടെ ചിന്താ ശേഷിയേയും വളരെ സാരമായി ബാധിക്കുന്നു. എന്തും തനിക്ക് കീഴിലുള്ള മൊബൈലിലും, ടാബ്ലെറ്റിലും, ലാപ്ടോപ്പിലുമൊക്കെയായി കിട്ടുമെന്ന വിശ്വാസമാണ് ഇതിനുകാരണം. നവ മാധ്യമ ങ്ങൾക്ക് നല്ലതും ചീത്തയുമായ വശമുണ്ട്. ഇത് മനസിലാക്കാൻ പുതുതലമുറയ്ക്ക് കഴിയുമെങ്കിൽ ഇത്തരം മാധ്യമങ്ങളുടെ അവിസ്മരണീയ ലോകത്തി ലേക്ക് അവർ കടക്കില്ല. കുട്ടികൾ കൂടുതൽ അറിവ് നേടട്ടേ എന്നു കരുതി നാം അവർക്കു നൽകുന്ന അമിതസ്വാതന്ത്ര്യം പലപ്പോഴും ഫെയിസ്ബുക്ക്, വാട്സ്ആപ്പ്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം പോലെയുള്ള ആധുനിക മാധ്യമങ്ങളിലേക്ക് അവരെ എത്തിക്കുന്നു. പിന്നീടുള്ള അവരുടെ ജീവിതം ഇവയ്യൊക്കെ അനുസരിച്ചായിരിക്കും. എത്രയും വേഗം സമൂഹമാധ്യമങ്ങളിൽ ഇടം നേടാൻ അവർ ടിക്ക്ടോക്ക്, മ്യൂസിക്കലി പോലെയുള്ള ആപ്പുകളുടെ സഹായം തേടും. അങ്ങനെ പതുക്കെ പതുക്കെ അവർ

സ്മാർട്ട്ഫോണിന്റെയും, ടാബ്ലറ്റിന്റെയും ലോകത്തിലേക്ക് കടക്കും. പലപ്പോഴും മാതാപിതാക്കൾ നൽകുന്ന അമിത സ്വാതന്ത്ര്യമാണ് ഇവരെ ഇതിൽ എത്തിക്കുന്നത്. അതുകൊണ്ട് തന്നെ കുട്ടികളുടെ പ്രായത്തിനും പക്വതയ്ക്കുമനുസരിച്ചുള്ള സ്വാതന്ത്ര്യം നല്കി, ഇടപെടേണ്ട കാര്യത്തിൽ ഇടപെട്ട് അവരുടെ സുഹൃത്തെന്നപോലെ നിൽക്കുക. എങ്കിൽ നൂറിൽ അൻപത് ശതമാനത്തോളം പ്രശ്നങ്ങളും മാതാപിതാക്കൾക്കു തന്നെ തടയാം.

# ആകാശഭംഗി



നീലനിറത്തിന്റെ ഭംഗിപോലെ
ഇല്ലൊരു ഭംഗിയീ ഭൂമുഖത്ത്.
സൂര്യനും ചന്ദ്രനും താരജാലങ്ങളും
തുള്ളിക്കളിക്കുന്ന മൈതാനം.

വാർമഴവില്ലിനും നീലനിറം
വാർമുകിൽ കണ്ണനും നീലതന്നെ
മഴയത്ത് തുള്ളിക്കളിക്കുന്ന മയിലിനും
അന്തമില്ലാത്തൊരീ
ആകാശഭംഗിയും നീലതന്നെ.

ആകാശനീലിമയിൽ സമുദ്ര-
സൗന്ദര്യം ആവാഹിക്കയായി.
അനശ്വരമാം ഗഗനം......

**ആര്യ സുനിൽ**

# സ്കൗട്ട് ആൻറ് ഗൈഡ്

സ്കൗട്ടിനും ഗൈഡിനും 9 പാഠങ്ങൾ ഉണ്ട്.ഇത് ഉൾക്കൊണ്ടാൽ മാത്രമേ പൂർണ്ണമായ സ്കൗട്ടും ഗൈഡും ആകാൻ സാധിക്കുകയുള്ളു.
അതെന്തന്നാൽ -

*ഒരു സ്കൗട്ട് വിശ്വസ്തനാണ്.

*ഒരു സ്കൗട്ട് കൂറുള്ളവനാണ്.

*ഒരു സ്കൗട്ട് സ്നേഹിതനും സഹോദരനുമാണ്.

*ഒരു സ്കൗട്ട് മര്യാദയുള്ളവനാണ്.

*ഒരു സ്കൗട്ട് ജന്തുക്കളുടെ സ്നേഹിതനും സഹോദരനുമാണ്.

*ഒരു സ്കൗട്ട് അച്ചടക്കമുള്ളവനും പൊതുമുതൽ സംരക്ഷിക്കുന്നവനുമാണ്.

*ഒരു സ്കൗട്ട് ധൈര്യമുള്ളവനാണ്.

*ഒരു സ്കൗട്ട് മിതവ്യയശീലമുള്ളവനാണ്.

*ഒരു സ്കൗട്ട് മനസ്സാവാചാകർമ്മണാ ശുദ്ധിയുള്ളവനാണ്.

സ്കൗട്ട് എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ബേഡൻ പവ്വൽ പ്രഭു എന്ന ചുരുക്കപ്പേരിൽ ലോകം മുഴുവൻ അറിയപ്പെടുന്നു. അദ്ദേഹം ലണ്ടനിലെ സ്റ്റാൻഹോപ്പ് തെരുവിൽ 1857 ഫെബ്രുവരി 22-ന് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവാണ് റവ:എച്ച്.ജി. ബേഡൻ പവ്വലും അദ്ദേഹത്തിന്റെ മാതാവ് ഹെന്റീറ്റയുമായിരുന്നു. ബേഡൻ പവ്വലിന്റെ മുഴുവൻ പേര് സർ.റോബർട്ട് സ്റ്റീഫൻ സൺ സ്മിത്ത് ബേഡൻ പവ്വൽ എന്നായിരുന്നു. 1910 ൽ സ്കൗട്ട് പ്രസ്ഥാനത്തിന് മുഴുവൻ സമയവും പ്രവർത്തിക്കുന്നതിനു വേണ്ടി തന്റെ മിലിറ്ററി ജീവിതത്തിൽ നിന്നും വിരമിച്ചു.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ


ഷിനാസ്


കാർത്തിക്


അമൽലാൽ


റംസാൻ


നബീൽ


അമ്പാടി


ഗോകുൽ



അൽഹാദ്


യാസീൻ


അൻസൽ


നിയാസ്


ജോബിൻ


നിഹാസ്


ഫിറോസ്



അഖിൽ


അൽഫാസ്


അക്ഷയ്



ഹിരൺഹരി


ആഷ്ന


അജീസ്


അലീഷ


നിഖിത


നവ്യ


ആഷ്ന

## ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ

| | | |
|---|---|---|
|  |  |  |
| ആര്യ | ആർഷ | ബിജിന |
|  |  |  |
| അനുജ | അഞ്ജന | അഞ്ജന |
|  |  |  |
| നന്ദന | കീർത്തന | ഭാവന |
|  |  |  |
| നിരഞ്ജന | ജോസ്ന | അനന്ദു |

കൈറ്റ് മാസ്റ്റേഴ്സ്-

ബി. സക്കീർ ഹുസൈൻ

വേണു ഗോപകുമാർ

# സൈബർ സുരക്ഷ



ഇൻഫോർമേഷൻ അഥവാ വിവരം, വിവര സാങ്കേതിക ഉപകരണങ്ങൾ എന്നിവ ഉത്തരവാദിത്വത്തോടെ ഏറെ സുരക്ഷിതമായി ഉപയോഗിക്കുന്ന രീതിയാണ് സൈബർ സുരക്ഷ കൊണ്ട് വിവക്ഷിക്കുന്നത്. സാങ്കേതികത നൽകുന്ന സൗകര്യങ്ങളെ വളരെ ക്രിയാത്മകമായി ഉപയോഗിക്കുകയും നിരന്തരം പരിഷ്കരിക്കുകയും ചെയ്യുന്ന മാനസികാവസ്ഥ ഇതിന്റെ ഭാഗമായി രൂപപ്പെടുന്നു എന്നതാണ് ആധുനിക ലോകത്ത് സൈബർ ഇടങ്ങളും സൈബർ സംവിധാനങ്ങളും സുരക്ഷിത മായിരിക്കേണ്ടതിന്റെ പ്രാധാന്യം കൊണ്ട് വ്യക്തമാകുന്നത്. നിങ്ങളുടെ സൈബർ വസ്തുക്കളും സുപ്രധാന ഡാറ്റയും



സംരക്ഷിക്കുക എന്നത് അത്ര ലളിതമായ കാര്യമായി ഇക്കാലത്ത് ആരുംതന്നെ കാണുന്നില്ല എന്നത് സൈബർസുരക്ഷയുടെ പ്രാധാന്യം വെളിവാക്കുന്നു.

സൈബർ സുരക്ഷ ഒരിക്കലും ലളിതമല്ല. ആക്രമണകാരികൾ നോട്ടമിടുന്നത് നിങ്ങളുടെ പണമോ മറ്റ് സാങ്കേതികവശങ്ങളോ മാത്രം ആകണമെന്നില്ല. ഇക്കാലത്തെ ഏറ്റവും വിലപ്പെട്ട നിങ്ങളെപ്പറ്റിയുള്ള വിവരം, അക്കൗണ്ട് വിവരം എന്നിവയും നിങ്ങളുടെ ഓൺലൈൻ ഇടപാടുകളും

ഓൺലൈൻ ഇടങ്ങളും വരെ വില്പനയ്ക്ക് വയ്ക്കാവുന്നതാണ് എന്നതാണ് സത്യം.

പഠനത്തിനും വിനോദത്തിനും വിനിമയത്തിനും ഏറെ അമൂല്യമായ സൗകര്യങ്ങൾ നൽകുന്ന സൈബർ ഇടങ്ങൾ കനപ്പെട്ട വെല്ലുവിളികൾ ഉയർത്തുന്നതിന്റെ നിരവധി തെളിവുകൾ പുറത്തുകൊണ്ടുവന്നിരിക്കുന്നു. ആക്രമണങ്ങളെ പ്രതിരോധിക്കാൻ സഹായിക്കുന്ന സുരക്ഷാസൗകര്യങ്ങൾ പക്ഷേ കേവലമായ സംരക്ഷണമാർഗ്ഗങ്ങൾ എന്നതിനപ്പുറത്തേയ്ക്ക് പൊയിട്ടില്ല എന്ന് തെളിയിക്കുന്നു. അതിനാൽ സൈബർ സുരക്ഷ വ്യക്തഗതമായ നിരന്തര ശ്രദ്ധയും ആത്മസമർപ്പണവും ആവശ്യപ്പെടുന്നു.

ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ എത്രമാത്രം അപരിചിതരായ ആൾക്കാരുമായാണ് നാം ബന്ധം സ്ഥാപിക്കേണ്ടിവരുന്നത്?

**അപരിചിതരായ ആൾക്കാരും സെർവർ കമ്പ്യൂട്ടറുകളും പ്രോഗ്രാമുകളും എത്രമാത്രം അപകടകരമാണെന്ന് ഇത്തരം അനുഭവങ്ങൾ ഉണ്ടായവർക്കേ പറയാനാകൂ.**

അതിനാൽ ഓൺലൈൻ ഇടങ്ങളിലെത്തുന്ന കുട്ടികൾ താഴെപ്പറയുന്ന കാര്യങ്ങളിൽ വലിയ ശ്രദ്ധ പുലർത്തേണ്ടി യിരിക്കുന്നു.

- പൂർണമായും അപരിചിതരോടാണ് ഇടപെടുന്നത് എന്ന് എപ്പോഴും കരുതുക.
- ആർക്കും വ്യക്തിഗതവിവരങ്ങൾ നൽകാതിരിക്കുക. വ്യക്തഗതവിവരങ്ങൾ അന്വേഷിക്കുന്ന അപരിചിതരെയും പ്രോഗ്രാമുകളേയും ഉടൻ ഒഴിവാക്കുക.
- ഏറ്റവും ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്ത, ശക്തിമത്തായ പാസ്‌വേർഡുകൾ ഉപയോഗിക്കുക. 14 ക്യാരക്ടറുകളെങ്കിലും ഉള്ള പാസ്‌വേർഡുകൾ മാത്രം ഉപയോഗിക്കുക.
- പാസ്‌വേർഡ് ഉപയോഗിക്കുന്ന സന്ദർഭങ്ങൾ ടൂ ഫാക്ടർ വെരിഫിക്കേഷൻ (ഇ-മെയിൽ, ഫോൺ ആക്സസ്) ഉപയോഗിച്ച് സുരക്ഷിതമാക്കുക.
- സ്വന്തം കമ്പ്യൂട്ടറിലെ പ്രോഗ്രാമുകൾ നിരന്തരം നവീകരിക്കുക. ഉചിതമായ ആന്റിവൈറസ് പ്രോഗ്രാമുകൾ പ്രവർത്തന സജ്ജമാക്കുക.
- സംശയമുള്ള ഈ-മെയിലുകൾ ഒരിക്കലും തുറക്കാതിരിക്കുക. മൊബൈലിലെത്തുന്ന വൺ ടൈം പാസ്‌വേർഡുകൾ, എസ്.എം.എസുകൾ എന്നി വ ആർക്കും നൽകരുത്. എല്ലാം സുരക്ഷിതമാണ് എന്നും എല്ലാം അറിയാ മെന്നും ഉള്ള മാനസികാവസ്ഥ മാറ്റുക.

ബി.സക്കീർ ഹുസൈൻ (അധ്യാപകൻ)

**CLICK HERE!**

കൂടുതൽ വിവരങ്ങൾക്ക് ഇവിടെ ക്ലിക്ക് ചെയ്യുക.

(സൈബർ സേഫ്റ്റി പി.ടി.എഫ് പുസ്തകം)

# കായികവാർത്തകൾ



ഗെയിംസിൽ 2018-19 വർഷത്തിൽ അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും ഗെയിംസ് മത്സരങ്ങളിൽ 230-ഓളം കുട്ടികൾ പങ്കെടുത്തു.

അതിൽ അഞ്ചൽ സബ് ജില്ല മത്സരങ്ങളിൽ ഹോളീബാൾ ജൂനിയർ ബോയ്സ്, ഹോളീബാൾ സീനിയർ ബോയ്സ്, കബടി ജൂനിയർ ബോയ്സ്, കബടി ജൂനിയർ ഗേൾസ്, ബാസ്കെറ്റ്ബാൾ ജൂനിയർ ഗേൾസ്, ബോയ്സ്, ബാസ്കെറ്റ്ബാൾ സീനിയർ ബോയ്സ്, ഷട്ടിൽ ബാറ്റ്മിന്റൺ ജൂനിയർ ബോയ്സ്,

സബ് ജൂനിയർ ഷട്ടിൽബോയ്സ്, സബ് ജൂനിയർ ഷട്ടിൽ ഗേൾസ്, ജൂനിയർ ഷട്ടിൽ ഗേൾസ്, കൈപന്ത് സീനിയർ ബോയ്സ്, റ്റെന്നികോയറ്റ് സീനിയർ ബോയ്സ് കൂടാതെ സീനിയർ ഗേൾസ് എന്നിവയ്ക്കെല്ലാം 1-ാം സ്ഥാനത്തോടു കൂടി അഞ്ചൽ സബ് ജില്ലാ തലത്തിൽ ഓവറോൾ ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കി. ഗെയിംസിൽ കൊല്ലം റവന്യൂ ജില്ലയിൽ സീനിയർ ബോയ്സ് ബാസ്ക്കറ്റ്ബാൾ-ന് 4 പേരും, സീനിയർ ബോയ്സ് ഹോളീബാളിൽ 5 പേരും, ജൂനിയർ ബോയ്സ് ഹോളീബാളിൽ 4 പേരും,സീനിയർഗേൾസ് ഹോളീബാളിൽ ഒരു പെൺകുട്ടിയും, സബ് ജ്രൂനിയർ ഗേൾസ് ഷട്ടിൽ ബാറ്റിൽ 1 ആളും റ്റെന്നികോയറ്റ് സീനിയർ ബോയ്സിൽ 2 പേരും റ്റെന്നികോയറ്റ് സീനിയർ ഗേൾസിൽ 3 പേരും, സീനിയർ ബോയ്സ് ക്രിക്കറ്റിൽ ഒരാളും ഉൾപ്പെടെ 40-ഓളം കുട്ടികൾ റവന്യൂ ജില്ലാ ഗെയിംസിൽ പങ്കെടുത്തു. കൊല്ലം ജില്ലയിലെ ഓവറാൾ ചാമ്പ്യൻ ഷിപ്പ് സ്പോർട്ട്സ് കിട്ടിയത് അഞ്ചൽ സബ് ജില്ലയിലാണ്.

ഹോളീബാൾ സീനിയർ, ജൂനിയർ ബോയ്സ് വിന്നർ, ക്രിക്കറ്റ് സീനിയർ, ജൂനിയർ ബോയ്സ് വിന്നർ, റ്റെന്നികോയറ്റ് സീനിയർ ബോയ്സ് വിന്നർ, ബാസ്ക്കറ്റ്ബാൾ സീനിയർ ഗേൾസ് വിന്നർ, ബാസ്ക്കറ്റ്ബാൾ സീനിയർ ബോയ് റണ്ണേർസ് 2-ാം സ്ഥാനം ബാറ്റ്മിറ്റൺ ഗേൾസിനെ സ്റ്റേറ്റ് ചാമ്പ്യൻ ഷിപ്പിലേക്ക് തിരഞ്ഞെടുത്തു.


സീനിയർ ബോയ്സ് കരാത്തേ 2-ാം സ്ഥാനം, സീനിയർ ബോയ്സ് റസ്റ്റിലിങ് 2-ാം സ്ഥാനം ഉൾപ്പടെ കൊല്ലം റവന്യൂ ജില്ലയിൽ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കാൻ അഞ്ചൽ വെസ്റ്റിന് കഴിഞ്ഞു. സംസ്ഥാന ബാസ്ക്കറ്റ്ബാൾ ചാമ്പ്യൻ ഷിപ്പിൽ തിളക്കമാർന്ന സുവർണ്ണ നേട്ടമാണ് ഷെബിൻ നേടിയത്.

സ്റ്റേറ്റ് വോളീബാൾ ചാമ്പ്യൻ ഷിപ്പിൽ നിവേദ് എന്ന കുട്ടി ദേശീയ ടീമിൽ ഉള്ള ക്യാമ്പ് വരെ എത്തി.

സ്റ്റേറ്റ് വോളീബാൾ ചാമ്പ്യൻ ഷിപ്പിൽ നിവേദ് എന്ന കുട്ടി ദേശീയ ടീമിൽ ഉള്ള ക്യാമ്പ് വരെ എത്തി. പാലക്കാടു നടന്ന സംസ്ഥാന മത്സരത്തിൽ ജൂനിയർ ബോയ്സ് കബഡിയിൽ തിളക്കമാർന്ന നേട്ടം കരസ്ഥമാക്കി. സംസ്ഥാന ബാസ്ക്കറ്റ്ബാൾ ചാമ്പ്യൻ ഷിപ്പിൽ ജൂനിയർ ഗേൾസിൽ അഭിരാമി, അക്ഷര, അൻസിയ, മീന എന്നിവർ പങ്കെടുത്തു. സംസ്ഥാന റ്റെന്നികോയറ്റ് സീനിയർ വിഭാഗം നീതു ബിനു, ഷാനി, ലീന, തുടങ്ങിയവരും ബോയ്സ് റ്റെന്നികോയറ്റ് എച്ച്.എസിൽ ആസിഫും പങ്കെടുത്തു. സബ് ജില്ലാ അത്‌ലറ്റിക്ക് മത്സരങ്ങളിൽ 25 കുട്ടികൾ പങ്കെടുത്തു. ഇതിൽ റവന്യൂ ജില്ലാ തലത്തിൽ അക്ബർ ഷാ, അക്ഷയ് ജയൻ , ആതിര, മുഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.

# പ്രഥമ ശബരീഷ് സ്മാരക പുരസ്കാരം

## കൊല്ലം ജില്ലയിൽ അഞ്ചൽ വെസ്റ്റ് സ്കൂളിന്.




ഐ.ടി. അറ്റ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രഥമ ശബരീഷ് സ്മാരക സ്കൂൾ വിക്കി പുരസ്കാരത്തിന് കൊല്ലം ജില്ലയിൽ നമ്മുടെ സ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സ്കൂൾ വിക്കി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന മുഴുവൻ കുട്ടികളേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

സംസ്ഥാനത്തെ സ്കൂളുക ളിലെ ദൈനംദിന പ്രവർത്തനങ്ങളുടെ സമ്പൂർണമായ വിവര ശേഖരണ പോർട്ടലാ യി സ്കൂൾ വിക്കി മാറിക്കഴിഞ്ഞിരിക്കുന്നു. സ്കൂൾ വിക്കിയിലെ വിവരങ്ങൾ ലഭിക്കുന്നതിന് ഈ ലിങ്ക് ക്ലിക്ക് ചെയ്യുക. സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ സ്കൂൾ വിക്കി പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നൽകുന്ന അവാർഡാണിത്.

ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനത്തെത്തുന്ന സ്കൂളുകൾക്ക് യഥാക്രമം 10,000/-, 5,000/- രൂപയും പ്രശസ്തി പത്രവും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന സ്കൂളിന് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അവാർഡായി നൽകുന്നു.






തുടക്കം മുതൽ സ്കൂൾ വിക്കിയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്ന കൈറ്റിന്റെ മലപ്പുറം ജില്ലയിലെ മാസ്റ്റർ ട്രെയിനർ ആയിരുന്ന ശ്രീ. കെ. ശബരീഷ് സ്മാരക അവാർഡായാണ് ഇത് നൽകുന്നത്.

ശബരീഷ് സ്മാരക അവാർഡ്

- ഒന്നാം സമ്മാനം :

ജി.എച്ച്.എസ്.എസ്. അരീക്കോട് , മലപ്പുറം ജില്ല

- രണ്ടാം സമ്മാനം:

ഗവ. വി എച്ച് എസ് എസ് വാകേരി, വയനാട് ജില്ല

- മൂന്നാം സമ്മാനം:

ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്, വെങ്ങാനൂർ, തിരുവനന്തപുരം ജില്ല.

2018 ലെ ശബരീഷ് സ്മാരക അവാർഡ് വിവരങ്ങൾക്ക് ചുവടെ നൽകിയ സ്കൂൾ വിക്കി പേജ് സന്ദർശിക്കുക.

ശബരീഷ് സ്മാരക പുരസ്കാരം

സ്കൂൾ വിക്കി പേജ്

# ലിറ്റിൽ കൈറ്റ്സ്

ഹൈ ടെക് വിദ്യാലയങ്ങളിലെ ഐ ടി കൂട്ടായ്മ. വിവിധ പരിശീലനങ്ങൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, ഇൻഡസ്ട്രിയൽ വിസിറ്റുകൾ, ക്യാമ്പുകൾ തുടങ്ങിയവ നടത്തപ്പെടുന്നു. അനിമേഷൻ, പ്രോഗ്രാമിങ്, മലയാളം കമ്പ്യൂട്ടിങ്, ഗ്രാഫിക് ഡിസൈനിങ്, മൊബൈൽ ആപ്പ് നിർമാണം, ഹാർഡ് വെയർ പരിശീലനം, ഇലക്ട്രോണിക്സ് , റോബോട്ടിക്സ്, വെബ് ടി.വി. തുടങ്ങിയവയിൽ പ്രത്യേകം പരിശീലനം നൽകുന്നു. അനിമേഷനിൽ ഒന്നാം ഘട്ട പരിശീലനം പൂർത്തിയാക്കിയ ശേഷം അടുത്തഘട്ടമായ മലയാളം കമ്പ്യൂട്ടിങ് പരിശീലനം ആരംഭിച്ചു. മലയാള ഭാഷ കമ്പ്യൂട്ടിങ്ങിൽ അവഗാഹ നേട്ടത്തിനായി ഇ-മാഗസിൻ നിർമ്മാണം ആരംഭിച്ചു. കുട്ടികൾ, അദ്ധ്യാപകർ തുടങ്ങിയവരുടെ രചനകളാണ് ഈ മാഗസിനിൽ ഉൾപ്പെടുത്തുക. അദ്ധ്യാപകരുടെ സഹായത്തോടെ എഡിറ്റിങ് നടത്തി കുട്ടികൾ തന്നെ ടൈപ്പ് ചെയ്ത് ഇ- മാഗസിൻ നിർമ്മിക്കുന്നു. മുഴുവൻ പ്രവർത്തനങ്ങളിലും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് എ,ബി,സി ഗ്രേഡുകൾ നൽകുന്നു. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐസിടി കൂട്ടായ്മ, ദേശീയ തലത്തിൽ ശ്രദ്ധ ആകർഷിച്ച പദ്ധതി രാജ്യത്തിനാകെ മാതൃകയാണ്.

**അംഗമാവുക,**
**അഭിമാനിക്കുക**
**ലിറ്റിൽ കൈറ്റ്സ്......**

# പ്രത്യൂഷ്

## സൂപ്പർകമ്പ്യൂട്ടർ



ഇന്ഡ്യന്‍ ഇൻസ്റ്റിട്യൂട്ട് ഓഫ് ട്രോപ്പിക്കൽ മീറ്ററിയോളജി (IITM) നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും വേഗം കൂടിയ സൂപ്പർകമ്പ്യൂട്ടറാണ് പ്രത്യൂഷ്. 2018 ജനവരി 8 ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രി ഡോ. ഹർഷ് വർധൻ ഈ സൂപ്പർ കമ്പ്യൂട്ടർ രാജ്യത്തിന് സമർപ്പിച്ചു. 6.8 പെറ്റാ ഫ്ലോപ്സ് വേഗതയാണ് ഈ കമ്പ്യൂട്ടറിന്. ഇന്ത്യിയിൽ നിർമ്മിച്ച ആദ്യ മൾട്ടി പെറ്റാ ഫ്ലോപ്സ് സൂപ്പർ കമ്പ്യൂട്ടറുമാണിത്. ഇതോടെ, ലോകത്ത് ആദ്യ 500 പവർഫുൾ സൂപ്പർകമ്പ്യൂട്ടറുകളുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുമെത്തി.

**ലോകത്തെ സൂപ്പർകമ്പ്യൂട്ടറുകളിൽ വേഗതയിൽ നാലാം സ്ഥാനമാണ് പ്രത്യൂഷിനുള്ളത്.**

മൺസൂൺ കാലയളവിനെക്കുറിച്ച് ധാരണ നൽകുക, സുനാമി, കൊടുങ്കാറ്റ്, വരൾച്ച, ഭൂകമ്പസാധ്യത ഇവയെക്കുറിച്ച് ധാരണ നൽകുക എന്നിവയാണ് ഈ സൂപ്പർകമ്പ്യൂട്ടറിന്റെ മുഖ്യനിർമ്മാണോദ്ദേശ്യം. നോയിഡയിലെ നാഷണൽ സെൻറർ ഫോർ മീഡിയം റേൻജ് വെദർ ഫോർകാസ്റ്റ് (NCMRWF) ലാണ് ഇത് സ്ഥിതിചെയ്യുന്നത്.

നിയാസ് നിസാർ

9 ഇ

# സ്കൂൾ പ്രവർത്തന റിപ്പോർട്ട്

**കരിയർ ഗൈഡൻസ് പ്രവർത്തന റിപ്പോർട്ട് 2017-2018**

2017-18 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ജൂൺ മുതൽ തന്നെ ആരംഭിച്ചു. രണ്ടാം വർഷ ഹയർ സെക്കന്ററി കുട്ടികളെ ഉൾപ്പെടുത്തി ആഴ്ചയിൽ ഒരു ദിവസം(വെള്ളിയാഴ്ച)കപിയർ കോർണറുകൾ സംഘടിപ്പിച്ചു വരുന്നു. ക്ലാസ്സുകളിൽ പത്തു ജനറൽ നോളഡ്ജ് ചോദ്യങ്ങൾ എല്ലാദിവസവും കുട്ടികൾ അവതരിപ്പിക്കുന്നു. തൊഴിൽ നൈപുണ്യം വളർത്താൻ സഹായിക്കുന്ന ലേഖനങ്ങൾ, ക്ലിപ്പിങ്ങുകൾ എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കാറുണ്ട്. ചില പ്രധാനപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്കായി ക്ലാസ്സിൽ പരിചയപ്പെടുത്താറുണ്ട്. ജൂലൈ മാസം മുതൽ പ്ലസ് വൺ കുട്ടികൾക്കും ഇതേ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. കരിയർ വികസനത്തിനും അവബോധം വളർത്തുന്നതിനും പത്രങ്ങൾ, മാഗസിനുകൾ, പൊതു വിജ്ഞാനം തരുന്ന പുസ്തകങ്ങൾ മുതലായവ ലൈബ്രറിയിൽ ലഭ്യമാക്കി.



ഈ വർഷത്തെ കരിയർ ഓറിയന്റേഷൻ ക്ലാസ്സുകൾ നവംബർ 16,17 തീയതികളിൽ സംഘടിപ്പിച്ചു. സയൻസ് കുട്ടികൾക്കായുള്ള ഓറിയന്റേഷൻ ക്ലാസ്സിന് കരിയർ വികസനത്തിൽ അനേക വർഷത്തെ പാരമ്പര്യമുള്ള വ്യക്തിയായ ശ്രീ സുരേഷ് ഭാസ്കർ നേതൃത്വം നൽകി ക്ലാസ്സ് വളരെ വിജ്ഞാനപ്രദമാക്കി. സയൻസ്, കൊമേഴ്സ് കുട്ടികളിൽ നിന്നും(ഐഎഎൻഐഎസ്) വിലയിരുത്തൽ പട്ടിക എഴുതി വാങ്ങിച്ചു. കൊമേഴ്സ് ഒന്നും രണ്ടും വർഷത്തെ കുട്ടികൾക്ക ചാറ്റേർഡ് അക്കൗണ്ടിങ്ങിംഗിൽ വിദഗ്ധ ക്ലാസ്സുകൾ ലഭ്യമാക്കി.

കഴിഞ്ഞ വർഷം പഠിച്ച മൂന്ന കുട്ടികൾ സി പി റ്റി പരീക്ഷയിൽ വിജയിച്ചു.

അടോടൊപ്പം നമ്മളുടെ സ്കൂൾ എൻടൻസ് പരീക്ഷയുടെ ഫെസിലേറ്റിംഗ് സെന്ററായി രജിസ്റ്റർ ചെയ്തു. അപേക്ഷകൾ അയയ്ക്കുന്ന വിധം നോട്ടീസ് ബോർഡിൽ ഇടുകയും വിദ്യാർത്ഥികൾക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## ഫോറസ്റ്റ് ക്ലബ്ബ്

2017 ജൂൺ 5-ാം തീയതി പരിസ്ഥിതി ദിനമായി ആചരിച്ചു. കുട്ടികൾക്ക് വൃക്ഷ തൈകൾ വിതരണം ചെയ്തു. 2017 ജൂൺ 6-ാം തീയതി സ്കൂളിന്റെ പരിസരത്തും സ്കൂളിലും വൃക്ഷ തൈകൾ നട്ടു. പരിസ്ഥിതി ദിന ക്വിസ്സ് നടത്തി 2017 ജൂൺ 15-ന് 7,8 ലെ എല്ലാ ക്ലാസ്സുകളിലും കുട്ടികൾ ചെടിയും ചെടിച്ചട്ടിയും വാങ്ങി ചെടികൾ വളർത്തി.2017 ജൂലൈ 16 ന് കുട്ടികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. 2017 ഒക്ടോബർ 2-ന് സ്കൂളും പരിസരവും വൃത്തിയാക്കി. 2017 ഒക്ടോബർ 16 ന് വർക്ക എക്സ്പീരിയൻസിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ ശില്പശാല നടത്തി(ബുക്ക നിർമ്മാണം, ചന്ദനത്തിരി, വർണ്ണക്കടലാസിൽ പൂക്കൾ, കുട നിർമ്മാണം). 2018 ഓഗസ്റ്റ് 14-ാം തീയതി പതാക നിർമ്മാണം നടത്തി. 2018 ഓഗസ്റ്റ് 30-ാം തീയതി സ്കൂളിൽ സ്ഥലം ഇല്ലാത്തതുകൊണ്ട് ഗ്രോ ബാഗിൽ പച്ചക്കറി കൃഷി നടത്തി.

എൻ എസ്സ് എസ്സ് അദ്ധ്യാപക ദിനാചരണം സെപ്റ്റംബർ 5 അദ്ധ്യാപകദിനത്തിൽ എൻ എസ്സ് എസ്സിന്റെ ഭാഗമായി വോളന്റിയേഴ്സ് അഞ്ചാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. വോളന്റിയേഴ്സ് മൂന്ന പേർ അടങ്ങുന്ന ടീമുകളായി തിരിഞ്ഞ് ടീമംഗങ്ങൾ ഓരോരുത്തരുടേയും വിഷയങ്ങൾ കൃത്യമായി അവതരിപ്പിച്ചു.

അതിനുശേഷം പഠിപ്പിച്ച ഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. വോളന്റിയേഴ്സിന് അനുവദിച്ച ചുരുങ്ങിയ സമയം കൃത്യമായി വിനിയോഗിച്ചു. കുട്ടികളുടെ പഠന മികവ് തിരിച്ചറിയുന്നതിനായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സമ്മാനർഹരായ കുട്ടികൾക്ക് സമ്മാനവും വിതരണം ചെയ്തു. കുട്ടികളിലെ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ തരം കലാമത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

കുട്ടികളെ ഉന്മേഷഭരിതരാക്കുവാനും പഠനത്തിൽ ശ്രദ്ധ ക്ഷണിക്കുവാനും സഹായകരമായി.

ക്ലാസ്സുകൾ എടുത്ത എൻ എസ്സ് എസ്സ് വോളന്റിയർമാർക്ക് കുട്ടികളുടെ ഭാഗത്തു നിന്നും പ്രോത്സാഹനപരമായ സമ്മാനങ്ങൾ ലഭിച്ചു. വോളന്റിയർമാർക്ക് തങ്ങളുടെ കഴിവ് മനസ്സിലാക്കുവാനും സധൈര്യം ഏത് പ്രവർത്തനങ്ങളിലും പങ്കെടുക്കുവാനുമുള്ള ആത്മവിശ്വാസം ലഭിച്ചു. നാളത്തെ പ്രതീക്ഷകളായ അമ്പതോളം വോളന്റിയർമാർക്ക് ഒരു മികച്ച അവസരം നൽ കിയ സ്കൂൾ അധികൃതരോട് പ്രോഗ്രാം ഓഫീസറായ ശ്രീ സജിത്ത് കൃതജ്ഞത രേഖപ്പെടുത്തി.

## സൗഹൃദ ക്ലബ്ബ്

ക്ലബ്ബ് മുമ്പോട്ടു വയ്ക്കുന്ന ലക്ഷ്യം കൗമാര പ്രായക്കാരുടെ വ്യക്തിത്വ, ശാരീരിക, വിദ്യാഭ്യാസ , സാമൂഹികപരമായ കഴിവുകൾ വികസിപ്പിക്കാനും ഒപ്പം അവരെ വിജയകരമായകൗമാരഘട്ടത്തിലേക്ക് നയിക്കുവാനുമാണ്. ഈ ക്ലബ്ബിന്റെ ഉദ്ദേശം കുട്ടികളിൽ ശുചിത്വം, ആരോഗ്യം പോഷകാഹാരങ്ങൾ, പ്രത്യുൽപ്പാദനം, ലൈംഗിക ആരോഗ്യം, കുടുംബം, ശിശു സംരക്ഷണം എന്നിവയെപ്പറ്റി അവബോധം സൃഷ്ടിക്കലാണ്.

ഒപ്പം അവരെ സ്വയം പര്യാപ്തരാക്കുവാനും ശാക്തീകരിക്കുവാനുമാണ്. പ്രജനനാരോഗ്യം മാനസികാരോഗ്യം എന്ന ലക്ഷ്യങ്ങളെ മുൻ നിർത്തി വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പ്രജനനാരോഗ്യ ക്ലാസ്സുകൾ നയിച്ചത് ശ്രീമതി ലിസ്സി മോൾ.വി(സുവോളജി എച്ച് എസ്സ് എസ്സ് ടി)യും മാനസികാരോഗ്യം എന്ന വിഷയത്തെപ്പറ്റി ക്ലാസ്സ് എടുത്തത് ഡോ. മോഹൻ ലാൽ കെ (കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്, പി.ആർ.ഡി.സി)യും ഡോ. ദേവി രാജ്(കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് )എന്നിവർ ചേർന്നാണ്. എല്ലാ ക്ലാസ്സുകളും കുട്ടികൾക്കു വളരെ പ്രയോജനപ്രദവും അവർക്ക് തങ്ങളുടെ സംശയനിവാരണം നടത്തുന്നതിന് സഹായകരമാവുകയും ചെയ്തു.

കൗമാരഘട്ടമെന്നാൽ മാനസിക പിരിമുറുക്കങ്ങളുടെയും മാനസിക സമ്മർദ്ദങ്ങളുടെയും കാലഘട്ടമാണ്.

കൗമാരപ്രായക്കാരായ കുട്ടികളിൽ നിന്ന് രക്ഷിതാക്കൾക്ക് അനേകം പ്രശ്നങ്ങൾ നേരിടേണ്ടതായി വരും. അമ്മമാർക്കു വേണ്ടി അമ്മ അറിയാൻ എന്ന പരിപാടി സംഘടിപ്പിച്ചു. ഇത് കൗമാര പ്രായത്തിലെ കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പ്രാപ്തരാക്കി. കൂടാതെ തങ്ങളുടെ കുട്ടികളെക്കുറിച്ചുള്ള സംശയ നിവാരണത്തിനും സഹായകരമായി. നവംബർ 20 ആചരിക്കുകയും അതോടനുബന്ധിച്ച് കുട്ടികൾ നിത്യ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന വെല്ലുവിളികളെ ആസ്പദമാക്കി വേൾഡ് ഹെൽത്ത് ഓർഗണൈസേഷൻ തിരഞ്ഞെടുത്ത 10 ജീവിത നൈപുണ്യങ്ങളെ ആസ്പദമാക്കി കുട്ടികൾ സ്കിറ്റുകളും, ഒപ്പം മറ്റു പരിപാടികളും സംഘടിപ്പിച്ചു. ഈ പരിപാടികൾ കുട്ടികളെ തങ്ങളുടെ ലക്ഷ്യസാക്ഷാകാരത്തിന് പ്രാപ്തരാക്കി. ഏറ്റവും മികച്ച സ്കിറ്റുകൾ തിരഞ്ഞെടുക്കുന്നതിനോടൊപ്പം തന്നെ മികച്ച നടി- നടന്മാർക്കുള്ള അവാർഡുകൾ വിതരണം ചെയ്തു. സ്കൂൾ കൺവീനർമാർക്കു വേണ്ടിയുള്ള ജില്ലാതലത്തിലെ രണ്ടു ദിവസ സഹവാസ ക്യാമ്പിൽ പ്ലസ് ടു സിയിലെ അനീഷും അതുല്യയും പങ്കെടുക്കുകയും അവരുടെ സന്തോഷവും അനുഭവങ്ങളും ക്ലാസ്സുകളിൽ പങ്കുവെച്ചു.

## എൻ.എസ്സ്.എസ്സ് റിപ്പോർട്ട്

പരിസ്ഥിതിയെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും ഓർമ്മിപ്പിച്ചുക്കൊണ്ട് ഒരു ദിവസം കൂടി,2018-19 അദ്ധ്യയന വർഷത്തിലെ എൻ. എസ്സ.എസ്സ്/എസ് എഫ് യു/5 യൂണിറ്റിന്റെ ആദ്യ പ്രവർത്തനം ജൂൺ 5 ന് തുടക്കംക്കുറിച്ചു.

പരിസ്ഥിതി ദിന സന്ദേശം നൽകി കൊണ്ടുള്ള എൻ എസ്സ് എസ്സിന്റെ പ്രത്യേക അസംബ്ലിക്കു പുറമെ വോളന്റിയർമാർ അടക്കമുള്ള വിദ്യാർത്ഥികൾക്ക് കശുമാവിൻ തൈ വിതരണം ചെയ്തു.

അഞ്ചൽ കൃഷി ഭവനിൽ നിന്നും എത്തിച്ച തൈകൾ സുനിത ടീച്ചർ വോളന്റിയർമാർക്കു നൽകി. വോളന്റിയേഴ്സ് അവരുടെ വീടുകളിൽ നടുകയും പരിപാലനം തുടരുകയും ചെയ്യുന്നു.

വായനയുടെ ലോകത്തിലേക്ക് പുത്തൻ തലമുറയെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ വായനാ ദിനം ആചരിക്കുവാൻ എൻ എസ്സ് എസ്സ് മീറ്റിങ്ങിൽ തീരുമാനിച്ചു. 14/6/2018 മീറ്റിങ്ങിന്റെ തീരുമാനമനുസരിച്ച വായനാദിന ക്വിസ്സ് നടത്തുന്നതിലേക്കായി 15/6/2018 ൽ വോളന്റിയേഴ്സിൽ നിന്നും ചോദ്യോത്തരങ്ങൾ ശേഖരിച്ചു. തുടർന്ന് പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ മികച്ച 25 ചോദ്യങ്ങൾ തിരഞ്ഞെടുത്തു. ശേഷം ക്വിസ്സ് മത്സരത്തിലെ വിജയികൾക്ക് സമ്മാനം നൽകുവാനായി ഓരോ വോളന്റിയേഴ്സിൽ നിന്നും പത്തു രൂപ(മിനിമം) പിരിച്ചെടുത്തു. വായനാദിനത്തിൽ ജി.എച്ച്.എസ്സ്. എസ്സ് അഞ്ചൽ വെസ്റ്റിലെ യു പി വിഭാഗം കുട്ടികൾക്കായി നടത്തിയ ക്വിസ്സ് മത്സരത്തിൽ അജ്മിയ, ഗായത്രി എന്നിവർ വിജയികളായി. ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അജ്മിയക്ക് എൻസൈക്ലോപ്പീഡിയയും, രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഗായത്രിക്ക് ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും നൽകി. ഇത് വോളന്റിയേഴ്സിന് വേറിട്ട അനുഭവമായിരുന്നു.

## യോഗാ ദിനം



ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യത്തിന്റെയും വ്യായാമത്തിന്റെയും പ്രാധാന്യം വിദ്യാർത്ഥികളിലേക്ക് എത്തുന്നതിനായി എൻ എസ്സ് എസ്സിന്റെ ആഭിമുഖ്യത്തിൽ യോഗാദിനം ആചരിച്ചു.

ഇതിന്റെ ഭാഗമായി ജി.എച്ച്.എസ്സ്. എസ്സ് അഞ്ചൽ വെസ്റ്റിലെ എൻ എസ്സ് എസ്സ് യൂണിറ്റിന്റെ ക്ഷണം സ്വീകരിച്ച് വോളന്റിയേഴ്സിന് യോഗാ ക്ലാസ്സ് നൽകുന്നതിനായി എത്തിയത് ശ്രീ സുദർശനൻ സാർ (എം എസ് സി,യോഗാ, യു കെ എഫ് എഞ്ചിനീയറിംഗ് കോളേജ് ഫാക്കല്റ്റി) ആയിരുന്നു. ശേഷം സാറിന്റെ നിർദ്ദേശ പ്രകാരം വോളന്റിയേഴ്സ് സൂര്യ നമസ്കാരം മുതലായ യോഗാ മുറകൾ അഭ്യസിപ്പിച്ചു. യോഗാക്ലാസ്സിലൂടെ യോഗയുടെ പ്രാധാന്യത്തെക്കുറിച്ചും ജീവിതത്തിൽ യോഗയുടെ ആവശ്യകതയെപ്പറ്റിയും വോളന്റിയേഴ്സിന് മനസ്സിലാക്കാൻ സാധിച്ചു.

## ലഹരി വിരുദ്ധ ദിനം

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് 26/6/2018 ൽ മുൻ നിശ്ചയിച്ച പ്രകാരം ലഹരി വിരുദ്ധ സന്ദേശം ഉണർത്തുന്ന പ്ലക്കാർഡുകളുമായി എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് റാലി നടത്തി. റാലിക്കു ശേഷം അഞ്ചൽ എക്സൈസ് ഓഫീസർ ലഹരി വിരുദ്ധ പ്രതിജ്ഞ പറഞ്ഞു നൽകി. അഞ്ചൽ ബസ് സ്റ്റാന്റിൽ റാലി അവസാനിക്കുകയും തുടർന്ന് എൻ എസ്സ് എസ്സ് വോളന്റിയർ ഗയ എ എസ്സ് ലഹരി വിരുദ്ധ ദിന സന്ദേശം പകർന്നു കൊണ്ട് ഒരു പ്രസംഗം നടത്തി.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ ആഭിമുഖ്യത്തിൽ ജി എച്ച് എസ്സ് എസ്സ് അഞ്ചൽ വെസ്റ്റിൽ വച്ചു നടന്ന സെമിനാറിൽ എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് ആദ്യാവസനം വരെ തങ്ങളുടെ സേവനം നൽകി. ഗ്രാന്റ് മാസ്റ്റർ ജി.എസ് പ്രദീപ് ഉദ്ഘാടനം നിർവ്വഹിച്ച സെമിനാർ ജനാധിപത്യത്തിന്റെ മൂല്യവും ജനാധിപത്യ ബോധവും പകർന്നു നൽകി.പ്രതികൂല കാലാവസ്ഥ മറികടന്നു കൊണ്ട് കൃത്യം 8.30 ന് തന്നെ എൻ എസ്സ് എസ്സിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷത്തിന് തുടക്കം കുറിച്ചു. പതാക ഉയർത്തൽ , സ്വാതന്ത്ര്യ ദിന സന്ദേശം തുടങ്ങിയ പ്രവർത്തനങ്ങളിൽ എൻ എസ്സ് എസ്സ് വോളന്റിയർ സജീവ സാന്നിദ്ധ്യമായി.

പ്രതികൂല കാലാവസ്ഥയെ തുടർന്ന് അന്നേ ദിവസം എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് നടത്താനിരുന്ന റാലി ഒഴിവാക്കേണ്ടി വന്നു.

എന്നിരുന്നാൽ കൂടിയും ഓഗസ്റ്റ് 14 ന് എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് സ്കൂൾ അങ്കണം ശുചീകരിച്ചു. അതോടൊപ്പം പ്രളയ ബാധിതർക്ക് കൈത്താങ്ങായി എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് സാധനങ്ങൾ സമാഹരിച്ചു. മുൻ വർഷങ്ങളിലേതുപോലെ ദത്തു ഗ്രാമത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് ഓണക്കിറ്റു വിതരണം ചെയ്തു. അതിൽ എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് പങ്കാളികളാവുകയും ചെയ്തു. അന്നേ ദിവസം തന്നെ വീണ്ടും പ്രളയ ബാധിതർക്ക് സാധനങ്ങൾ സമാഹരിക്കുന്നതിനായി ജി എച്ച് എസ്സ് എസ്സ് അഞ്ചൽ വെസ്റ്റിലെ എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് അഞ്ചൽ പട്ടണത്തിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ആവശ്യസാധനങ്ങൾ ശേഖരിച്ച് യൂണിറ്റിൽ എത്തിച്ചു. അഞ്ചൽ നിവാസികളുടെ അകമഴിഞ്ഞ സഹകരണം എൻ എസ്സ് എസ്സ് വോളന്റിയർമാർക്ക് ഈ ദിവസങ്ങളിൽ ലഭിക്കുക ഉണ്ടായി.

പ്രളയബാധിതർക്ക് നൽകുന്നതിനായി സമാഹരിച്ച സാധനങ്ങൾ സ്കൂൾ പി.ടി.എക്ക് കൈമാറി. അന്നേ ദിവസം തന്നെ കൊല്ലം ജില്ലയിലെ വിവിധ യൂണിറ്റിൽ നിന്നും മൂവായിരത്തോളം എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് പങ്കെടുത്ത ശുചീകരണ യജ്ഞത്തിൽ(പ്രളയബാധിത മേഖലകളിൽ)ജി എച്ച് എസ്സ് എസ്സ് അഞ്ചൽ വെസ്റ്റിലെ എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് പങ്കെടുത്തു.

പ്രളയത്തിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ട കുട്ടുകാർക്ക് എൻ എസ്സ് എസ്സിന്റെ സ്നേഹോപകാരം, ജി എസ്സ് എസ്സ് അഞ്ചൽ വെസ്റ്റിൽ മുമ്പ് സേവനം അനുഷ്ഠിച്ചിരുന്ന ഷാഹിദ ടീച്ചറുടെ അറിയിപ്പിനെ തുടർന്ന് ഒരാൾ ഒരു ബുക്കും ഒരു പേനയും എന്ന തോതിൽ എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് ബുക്കും പേനയും ശേഖരിച്ചു.

വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തന്നെ മുന്നൂറോളം പേനയും ബുക്കും ശേഖരിക്കുവാനായി. 3/9/10/18 ൽ ജി എച്ച് എസ്സ് എസ്സ് അഞ്ചൽ വെസ്റ്റിൽ വച്ച് പ്രിൻസിപ്പൽ നൗഷാദ് സാർ,പ്രോഗ്രാം ഓഫീസർ സജിത്ത് സാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എൻ എസ്സ് എസ്സ് വോളന്റിയേഴ്സ് പഠനോപകരണങ്ങൾ ഷാഹിദ ടീച്ചറിന് കൈമാറി.

# സ്കൂൾ വിക്കി വിവരശേഖരണം വിക്കി ക്ലബ് കുട്ടുകാർ





# പുതിയ ആൻഡ്രോയിഡ് ആപ് പരിചയപ്പെടാം.

നിങ്ങൾക്ക് ആവശ്യമുള്ള പ്രവർത്തനങ്ങൾ ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിനെക്കൊണ്ട് പറഞ്ഞുചെയ്യിപ്പിക്കാം എന്നതാണ് ഈ ആപ്ലിക്കേഷന്റെ പ്രത്യേകത. വിവിധതരത്തിലുള്ള നിരവ ധി നിർദ്ദേശങ്ങൾ ഈ ആപ്പിലൂടെ സിസ്റ്റത്തെക്കൊണ്ട് ചെയ്യിപ്പിക്കാം.

ശബ്ദമാണ് ഈ ആപിനുവേണ്ട ഇൻപുട്ട്. ശബ്ദമുപയോഗിച്ച് പ്രകാശത്തെ നിയന്ത്രിക്കാം, ഗണിതക്രിയകൾ ചെയ്യാം, സ്റ്റാറ്റിസ്റ്റിക്സിലെ വിവിധ ക്രിയകൾ നിർധാരണം ചെയ്യാം. ഹെഡ്ഫോണുകളും ക്രോം കാസ്റ്റും ഇതിലൂടെ പ്രവർത്തന സജ്ജമാക്കാം. തീർത്തും സൗജന്യമായ ഈ ആപ്ലിക്കേൻ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പ്രയോഗിച്ചുനോക്കൂ.

ആഷിഫ് . എ 10 ഡി




(Click the above image to get the link)

Civil Registrations SEVANA

# സർക്കാർ സേവനങ്ങൾ ഓൺലൈനിൽ

## ജനനസർട്ടിഫിക്കറ്റ് ലഭിക്കാൻ എളുപ്പമാർഗ്ഗം

https://cr.lsgkerala.gov.in/ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ കേരള സർക്കാരിന്റെ സേവന രജിസ്ട്രേഷൻ പോർട്ടലിലെത്താം. ജനനം, മരണം, വിവാഹം എന്നിവ രജിസ്റ്റർ ചെയ്യാനുള്ള പോർട്ടലാണിത്.

നിങ്ങൾക്ക് ജനനസർട്ടിഫിക്കറ്റ് എടുക്കണമെന്നുണ്ടോ? വളരെ വേഗത്തിൽ ചില മൗസ് ക്ലിക്കുകളിലൂടെ ഇതിന് കഴിയും. പഞ്ചായത്ത് ഓഫീസിലോ മുനിസിപ്പാലിറ്റിയിലോ പോയി തിരക്കിൽ നിന്ന് ബുദ്ധിമുട്ടാതിരിക്കാൻ ഈ വെബ്സൈറ്റിന്റെ സേവനം പ്രയോജനപ്പെടുത്താം.

തന്നിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ലഭിക്കുന്ന വെബ്സൈറ്റിൽ സർട്ടിഫിക്കറ്റ് സേർച്ച് എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക. ജില്ല, ലോക്കൽ ബോഡി എന്നിവ തെരഞ്ഞെടുക്കുക. തുടർന്ന് ഇടതുവശത്തെ പാനലിൽ നിന്ന് ജനനസർട്ടിഫിക്കറ്റ് എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്ത് ജനനത്തീയതി, ലിംഗം, അമ്മയുടെ പേരിന്റെ ആദ്യ മൂന്നക്ഷരം എന്നിവയും വേഡ് വെരിഫിക്കേഷൻ ക്യാപ്ചയും പൂർത്തിയാക്കുക. സേർച്ച് ബട്ടണിൽ പ്രസ് ചെയ്താൽ നിങ്ങളുടെ ജനനസർട്ടിഫിക്കറ്റ് ലഭിക്കും. സ്കൂൾ അഡ്മിഷനോ മറ്റ് സർക്കാർ സേവനങ്ങൾക്കോ ഈ സർട്ടിഫിക്കറ്റ് ഔദ്യോഗികമായി ഉപയോഗിക്കാം.

ആഷ്ന ഷെരീഫ്, 9 ജി.

# മഴവില്ല്

ആരുതന്നു നിനക്കാരുതന്നു...
ആരുംകൊതിക്കുമീ ഏഴഴക്..
വാനത്തിൻ മാറിലായ് ചായുറങ്ങുന്ന നീ
ഒന്നു വാ ഭൂമിയിൽ ഇമയോടെ...
സപ്തവർണ്ണങ്ങളാൽ നെയ്തെടുത്ത
പൊന്നു പട്ടുചേലയിട്ടണിഞ്ഞുവാ നീ
പ്രതീതൻ മാരിൽ പതിഞ്ഞു കിടന്നുനീ
സപ്തവർണ്ണ സ്വർണ്ണമാല പോലെ... ..
എന്തു വില വേണമെന്തു വിലവേണം..
നിന്നെയെനിക്കായ് സ്വന്തമാക്കാൻ..
മധുരമാം ഇ മഴ പൊഴിയുന്ന നേരത്ത്
പടിവാതിലിൽ ഞാൻ കാത്തു നിൽക്കും..
മാനത്തേയ്ക്കായൊന്നു മുഖം നട്ടിരിക്കും
നിന്നെ.. കാണാനായ് ഹൃദയം പതുക്കെ
തുടിക്കും...
ചാരുതയോരുന്ന പൊൻ മഴ തന്നുടെ
പുത്രിയോ പതിയോ ചങ്ങാതിയോ..
'മഴവില്ല്'എന്നൊരു മാൺപെഴും നാമമായ്
വാഴ്ക നീ മായാതെ നിത്യവും ഭൂമിയിൽ.....
നവ്യ എസ്. 9ജി

## ക്വിക്ക് ടിപ്




ചിത്രത്തിൽ കാണുന്നത് ഏറ്റവും പുതിയ ഉബുണ്ടു വേർഷനാണ്. ഈ വേർഷൻ ഡൗൺലോഡ് ചെയ്യാൻ ചിത്രത്തിൽ ക്ലിക്ക് ചെയ്യുക. ലോംഗ്ടേം സപ്പോർട്ട് (LTE) നൽകുന്ന ഈ വേർഷൻ ഉപയോഗിച്ച് പുതുമകൾ തിരിച്ചറിയൂ.

(Clik here for alternative download)

# അൻവർ സാദത്തിന്

## ആദരം



കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോള-ജിഫോർ എഡ്യൂക്കേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.അൻവർ സാദത്തിന് ഇന്റർനാഷ-ണൽ കോൺട്രിബ്യൂഷൻസ് അവാർഡ് ലഭിച്ചു. ഈ അവാർഡ് ലഭിക്കുന്ന ആദ്യ ഇൻഡ്യാക്കാര-നാണ് അദ്ദേഹം. കേരളത്തിൽ 45000 ലധികം ക്ലാസ് മുറികൾ ഹൈ ടെക് ആക്കുന്നതിനും 70000 അധ്യാപകർക്ക് ബോധനശാസ്ത്രത്തിൽ അധിഷ്ഠിതമായി ഐ.ടി പരിശീലനം നൽകി-യതും കണക്കിലെടുത്താണ് ഏറെ പ്രശസ്തമായ അവാർഡിന് അദ്ദേഹത്തെ പരിഗണിച്ചത്. വിദ്യാഭ്യാസ വിനിമയരംഗത്തും സാങ്കേതികരം-ഗത്തും അന്തർദേശീയ നിലവാരത്തിൽ തുടർച്ച-യായി വിശിഷ്ടമായ സേവനങ്ങൾ നൽകുന്നവർ-ക്ക് അമേരിക്ക ആസ്ഥാനമായ ദി അസോസി-യേഷൻ ഫോർ എഡ്യൂക്കേഷണൽ കമ്മ്യൂണി-ക്കേഷൻസ് ആന്റ് ടെക്നോളജി (AECT) ഏർപ്പെടു-ത്തിയ പുരസ്കാരമാണിത്.

കൂടുതൽ വാർത്തകൾക്കായി ചുവടെ നൽകിയ ലിങ്കുകൾ ക്ലിക്ക്

ഹിന്ദു വാർത്ത

അൻവർ സാദത്ത് (വിക്കിപീഡിയ)

# ലിറ്റിൽ കൈറ്റ്സ്

## സ്കൂൾതലപ്രവർത്തനങ്ങൾ

ലിറ്റിൽ കൈറ്റ്സ് കേരളത്തിലെ ഹൈടെക് വിദ്യാ-ലയങ്ങളിലെ ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. സക്കീർ ഹുസൈൻ, വേണുഗോപകുമാർ എന്നിവരാണ് ലിറ്റിൽ കൈറ്റ്സിന്റെ ചുമതലയുള്ള അധ്യാപകർ. വിവിധ പരിശീലനങ്ങൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, ഇൻഡസ്ട്രിയൽ വിസിറ്റുകൾ, ക്യാമ്പുകൾ തുടങ്ങിയവ നടത്തപ്പെടുന്നു. അനിമേഷൻ, പ്രോഗ്രാമിങ്, മലയാളം കമ്പ്യൂട്ടിങ്, ഗ്രാഫിക് ഡിസൈനിങ്, മൊബൈൽ ആപ്പ് നിർമാണം ഹാർഡ് വെയർ പരിശീലനം, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, വെബ് ടീവി തുടങ്ങിയവയിൽ പ്രത്യേകം പരിശീലനം നൽകുന്നു.

### ഈ-മാഗസിൻ നിർമ്മാണം

അനിമേഷനിൽ ഒന്നാം ഘട്ട പരിശീലനം പൂർത്തിയാക്കിയ ശേഷം അടുത്തഘട്ടമായ മലയാളം കമ്പ്യൂട്ടിങ് പരിശീലനം ആരംഭിച്ചു. മലയാള ഭാഷ കമ്പ്യൂട്ടിങ്ങിൽ അവഗാഹം നേടുന്നതിനായി ഇ-മാഗസിൻ നിർമ്മാണം പുരോഗമിക്കുന്നു. കുട്ടികൾ, അദ്ധ്യാപകർ തുടങ്ങിയവരുടെ രചനകളാണ് ഈ മാഗസിനിൽ ഉൾപ്പെടുത്തുക. അദ്ധ്യാപകരുടെ സഹായത്തോടെ എഡിറ്റിങ് നടത്തി കുട്ടികൾ തന്നെ ടൈപ്പ് ചെയ്ത് ഇ-മാഗസിൻ നിർമ്മിക്കുന്നു. മുഴുവൻ പ്രവർത്തനങ്ങളിലും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് എ,ബി,സി ഗ്രേഡുകൾ നൽകുന്നു. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐസിടി കൂട്ടായ്മ, ദേശീയ തലത്തിൽ ശ്രദ്ധ ആകർഷിച്ച പദ്ധതി രാജ്യത്തിനാകെ മാതൃകയാണ്.

### രക്ഷിതാക്കൾക്കായുള്ള കമ്പ്യൂട്ടർ പരിശീലനം

ലിറ്റിൽ കൈറ്റ് നേതൃത്വത്തിൽ കൈറ്റ് കുടുംബ-ത്തിലെ കുട്ടികളുടെ രക്ഷിതാക്കൾക്കായി കമ്പ്യൂട്ടർ പരിശീലനം സംഘടിപ്പിച്ചു.

പരിശീലനത്തിൽ പ്രാഥമികഘട്ടം എന്ന നിലയിൽ ഇംഗ്ലീഷ് ടൈപ്പിംഗ് പരിശീലനം നൽകി.

നവംബർ 17 ശനിയാഴ്ച സ്കൂളിലെ കുട്ടികളുടെ രക്ഷിതാക്കൾക്കായി ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിച്ചു.

കമ്പ്യൂട്ടർ സേവനങ്ങൾ, സൈബർ സുരക്ഷ, ഇൻറർനെറ്റ് ഉപയോഗം ഇന്റർനെറ്റ് സുരക്ഷിതമാക്കൽ, മൊബൈൽ ഫോൺ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ,വെബ് സൈറ്റുകളെ കുറിച്ചുള്ള അറിവ്, സോഷ്യൽ മീഡിയയിലെ ഗുണവും ദോഷവും പരിചയപ്പെടുത്തൽ എന്നിവ ഏകദിന പരിശീലന ക്ളാസിൽ സംഘടിപ്പിച്ചു.



സക്കീർ ഹുസൈൻ, വേണു ഗോപകുമാർ, സതീഷ്. ആർ എന്നീ അധ്യാപകർ ക്ലാസ് നയിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ബി. ഷൈലജ സ്വാഗതം പറഞ്ഞു. സ്കൂൾ പി.ടി.എ പ്രസിഡന്റ് ശ്രീ. വി.എസ്. സതീഷ് പരിശീലനം ഉദ്ഘാടനം ചെയ്തു. രക്ഷിതാക്കളുടെ പങ്കാളിത്തം കൊണ്ട് പരിശീലനം വളരെ വിജയകരമായിരുന്നു. തുടർന്ന് ലിറ്റിൽ കൈറ്റ് കുട്ടികൾ രക്ഷിതാക്കൾക്ക് ടൈപ്പിംഗ് പരിശീലനം നൽകി.



# സൗഹൃദം

സൗഹൃദം എന്ന വൃക്ഷത്തിൻ തണലിൽ
ആർത്തുല്ലസിച്ചു നടന്നു നമ്മൾ
സൗഹൃദം എന്ന പൂങ്കൊടി ചില്ലമേലേ -
റിയിരുന്നുല്ലാസത്തിൽ മധുരം നുകർന്നു നാം
ഓരോരോ വർഷവും ഓരോരോ ഓർമ്മകൾ-
ക്കിടയിലും മറക്കാത്ത സൗഹൃദത്തിൻ അനുഭൂതി
കാലങ്ങൾ മാഞ്ഞാലും ഓർമ്മകൾ പൊഴിഞ്ഞാലും
കെട്ടിടാകനലാണ് സൗഹൃദം
ഹൃദയത്തിനുള്ളിൽ തട്ടിയുണർത്തുന്ന
അനശ്വരദീപമാണെൻ സൗഹൃദം
മറക്കില്ല ഞാനാമധുരമാമോർമ്മകൾ
അവസാന ശ്വാസം പോകും വരെയും

**ജോസ്ന ജോസ്- 9 ഇ**

# നവ മാധ്യമങ്ങളും വിദ്യാർത്ഥികളും

അശയ വിനിമയത്തിന് കാരണമാകുന്ന മധ്യസ്ഥനാണ് മാധ്യമം. വിവരം, വാർത്ത, അറിയിപ്പും മറ്റും എത്തിക്കുക എന്നതാണ് മാധ്യമങ്ങളുടെ ധർമ്മം.

വ്യക്താവിൽ നിന്നോ സന്ദേശ സ്രോതസിൽ നിന്നോ സ്വീകർത്താവിലേക്ക് സന്ദേശം കൈമാറാനുപയോഗിക്കുന്ന വാഹനമാണ് മാധ്യമം. എന്നാലിന്ന് മറ്റ് പലതിനുമാണ് ഇതുപയോഗിക്കുന്നത്. ഇന്നത്തെ തലമുറ ജീവിതത്തിൽ വളരെ പ്രാതാന്യം അർഹിക്കുന്ന ഒരു വിഭാഗമാണ് ഡിജിറ്റൽ മാധ്യമം. ഇൻറർനെറ്റ്, മൊബൈൽഫോൺ, ചാറ്റ്റൂം, യൂട്യൂബ്, തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽ പെടുന്നവയാണ്. ഇവ ഗുണപരമായും ദോഷകരമായും വിദ്യർത്ഥി സമൂഹത്തെ ബാധിക്കുന്നു. വിദ്യാഭ്യാസ ജീവിതത്തിൻറെ വേഗവും അറിവും കൂട്ടാൻ ഇതിന് കഴിയുന്നു. ഇന്നത്തെ ഡിജിറ്റൽ മാധ്യമങ്ങൾ കുട്ടികളെ പഠനത്തിൽ വളരെ സഹായിക്കുന്നുവെങ്കിലും അതിൻറെ തെറ്റായ വശത്തേക്ക് അവർ പോകാനും സാധ്യത കൂടുതലാണ്.

ഡിജിറ്റൽ ലോകം ഓരോ പ്രായക്കാരെയും ഓരോ രീതിയിലാണ് സ്വാധീനിക്കുന്നത്, കുട്ടികളെ ഗെയിം എന്ന മാസ്മരിക ലോകത്തേക്ക് കൊണ്ട് പോകുന്നതുപോലെ കൗമാരക്കാരെ അതിവേഗം ആപത്തിലേക്ക് കൊണ്ട് പോകുന്നു. ഫെയിസ്ബുക്കിൻറെയും, വാട്സ്ആപ്പിൻറെയും, യൂട്യൂബിൻറെയും അവിസ്മരണീയ ലോകം അവരെ വളരെ മാറ്റി മറിക്കുന്നു. ഇത് കുട്ടികളുടെ ചിന്താശേഷിയേയും വളരെ സാരമായി ബാധിക്കുന്നു. എന്തും തനിക്ക് കീഴിലുള്ള മൊബൈലിലും, ടാബ്ലെറ്റിലും, ലാപ്ടോപ്പിലുമൊക്കെയായി കിട്ടുമെന്ന വിശ്വാസമാണ് ഇതിനു കാരണം.

നവ മാധ്യമങ്ങൾക്ക് നല്ലതും ചീത്തയുമായ വശമുണ്ട്. ഇത് മനസിലാക്കാൻ പുതുതലമുറയ്ക്ക് കഴിയുമെങ്കിൽ ഇത്തരം മാധ്യമങ്ങളുടെ അവിസ്മരണീയ ലോകത്തിലേക്ക് അവർ കടക്കില്ല.



കുട്ടികൾ കൂടുതൽ അറിവ് നേടട്ടേ എന്നു കരുതി നാം അവർക്കു നൽകുന്ന അമിതസ്വാതന്ത്ര്യം പലപ്പോഴും ഫെയിസ്ബുക്ക്, വാട്സ്ആപ്പ്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം പോലെയുള്ള ആധുനിക മാധ്യമങ്ങളിലേക്ക് അവരെ എത്തിക്കുന്നു. പിന്നീടുള്ള അവരുടെ ജീവിതം ഇവയ്യൊക്കെ അനുസരിച്ചായിരിക്കും. എത്രയും വേഗം സമൂഹമാധ്യമങ്ങളിൽ ഇടം നേടാൻ അവർ ടിക്ക്ടോക്ക്, മ്യൂസിക്കലി പോലെയുള്ള ആപ്പുകളുടെ സഹായം തേടും അങ്ങനെ പതുക്കെ പതുക്കെ അവർ സ്മാർട്ട്ഫോണിൻറെയും, ടാബ്ലറ്റിൻറെയും ലോകത്തിലേക്ക് കടക്കും. പലപ്പോഴും മാതാപിതാക്കൾ നൽകുന്ന അമിത സ്വാതന്ത്ര്യമാണ് ഇവരെ ഇതിൽ എത്തിക്കുന്നത്. അതുകൊണ്ട് തന്നെ കുട്ടികളുടെ പ്രായത്തിനും പക്വതയ്ക്കുമനുസരിച്ചുള്ള സ്വാതന്ത്ര്യം നല്കി, ഇടപെടേണ്ട കാര്യത്തിൽ ഇടപെട്ട് അവരുടെ സുഹൃത്തെന്നപോലെ നിൽക്കുക. എങ്കിൽ നൂറിൽ അൻപത് ശതമാനത്തോളം പ്രശ്നങ്ങളും മാതാപിതാക്കൾക്കു തന്നെ തടയാം.

**നിരഞ്ജന രാജീവൻ 9 ഐ**

# നന്ദി...




അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻഡറി സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് പ്രവർത്തനങ്ങളും സ്ക്കൂളിലെ മികവുകളും ഉൾപ്പെടുത്തിയ ഈ ഇ-മാഗസിൻ സമ്പൂർണമല്ല. മാഗസിന്റെ പ്രവർത്തനങ്ങൾക്ക് നിരവധി അധ്യാപകരും ക്ലബ് അംഗങ്ങളും വിദ്യാർത്ഥികളും സഹകരിച്ചിട്ടുണ്ട്. എല്ലാവർക്കും, പ്രത്യേകിച്ച് ലിറ്റിൽ കൈറ്റ്സ് രൂപീകരിച്ച ഐ.ടി.-അറ്റ് സ്ക്കൂളിനും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി.

സ്റ്റുഡന്റ് എഡിറ്റർ
**അഖിൽ അജയകുമാർ**
9 ഐ.

